കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കണ്ണമ്പ്ര ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-19


ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

e-mail: auditlfdopkd@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി-11-1703/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തീയതി: 27-01-2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കണ്ണമ്പ്ര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കണ്ണമ്പ്ര ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി-11/1703/2019 തിയ്യതി: 27-01-2020

## <u>പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 16-1-2019 മുതൽ 17-11-2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | എൻ.സതീശൻ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18-11-2019 മുതൽ 27-11-2019 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ.സി.എസ്.സന്തോഷ് | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.യു.പ്രീത | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.സി.രാജേശ്വരി | ഓഡിറ്റർ |
| ശ്രീ.കൃഷ്ണദാസ്.എൻ.വി | ഓഡിറ്റർ |

<u>നിർവ്വഹണാധികാരികൾ</u>

| | |
|---|---|
| പ്രസിഡണ്ട് | |
| ശ്രീ. ഡി.റെജിമോൻ | 01-04-2018 മുതൽ 31-03-2019 വരെ |
| സെക്രട്ടറി | |
| ശ്രീ. എ.മുരളീധരൻ | 01.04.2018 മുതൽ<br>30.04.2018 വരെ, |

| | |
|---|---|
| | 1-6-2018 മുതൽ 31-3-2019 വരെ |
| ശ്രീ.ഷാന്റോ.സി.വി, അസി.സെക്രട്ടറി (സെക്രട്ടറി ഇൻ ചാർജ്ജ്) | 1-5-2018 മുതൽ 30-5-2018 വരെ |

(ബി) മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.എഞ്ചിനീയർ | ശ്രീ.ശ്രീപ്രിയ.സി | 01-04-2018 മുതൽ 4-07-2018 വരെ |
| | ശ്രീമതി.സുരഭി.സി.എസ് | 5-7-2018 മുതൽ 24-11-2018 വരെ |
| | ശ്രീ.വിനീതാ അശോകൻ | 25-11-2018 മുതൽ 31-03-2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ഷാന്റോ.സി.വി | 01-04-2018 മുതൽ 31-03-2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | ശ്രീ. ദീപക്.കെ.കെ | 1-4-2018 മുതൽ 11-09-2018 വരെ |
| | ശ്രീമതി. ബുഷറ.എ | 12-09-2018 മുതൽ 8-11-2018 വരെ & 13-11-2018 മുതൽ 13-12-2018 വരെ |
| | ശ്രീ.ശിവദാസൻ.കെ | 9-11-2018 മുതൽ 12-11-2018 വരെ & 14-12-2018 മുതൽ 31-03-2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | ശ്രീമതി. ബുഷറ.എ | 01-04-2018 മുതൽ 31-03-2019 വരെ |
| ഹെഡ് മിസ്ട്രസ്സ് | ശ്രീമതി.സുധ.എൻ | 01-04-2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. റെമിൻ ആൽഫ്രഡ് | 01-04-2018 മുതൽ 17-07-2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ. ഷാർലെറ്റ് വിൻസെന്റ് | 01-04-2018 മുതൽ 31-03-2019 വരെ |
| | ഡോ.സുമേഷ്.വി | 18-07-2018 മുതൽ 25-10-2018 വരെ |
| | ഡോ.ശാലിനി.എസ് | 26-10-2018 മുതൽ 31-03-2019 വരെ |
| വെറ്ററിനറി സർജൻ | ഡോ. സുകുമാരൻ. വി.എം | 01-04-2018 മുതൽ 31-03-2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. മഞ്ജുഷ.ആർ.എസ് | 01-04-2018 മുതൽ 31-03-2019 വരെ |
| ഐ.സിഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. കെ.ചെല്ല | 01-04-2018 മുതൽ 31-03-2019 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. ഗ്രെയ്സ് എ തച്ചിൽ | 01-04-2018 മുതൽ 11-07-2018 വരെ |
| | ശ്രീമതി.ശ്യാമ.എം.എ | 12-07-2018 മുതൽ 26-07-2018 |

| | | |
|---|---|---|
| | | വരെ |
| | ശ്രീമതി.പ്രിയ.പി.ബി | 27-07-2018 മുതൽ 13-09-2018 വരെ |
| | ശ്രീ.ജയപ്രകാശ്.സി | 14-09-2018 മുതൽ 31-03-2019 വരെ |

<u>ഉള്ളടക്കം</u>

<u>ഭാഗം 1</u>

<u>ഓഡിറ്റ് റിപ്പോർട്ട്</u>

<u>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം</u>


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം-റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം | 1-3 |
| 4 | ഫണ്ട് വിനിയോഗം-എ.സി.ആർ പ്രകാരം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്ഷേമ പദ്ധതികൾ | 1-6 |
| 7 | ക്യാഷ് പരിശോധന | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധേയമായ നേട്ടങ്ങൾ | 1-9 |
| 10 | ബജറ്റ് രൂപീകരണത്തിലെ അപാകതകൾ പരഹരിക്കേണ്ടതാണ് | 1-10 |
| 11 | നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ വസ്തു നികുതി ഈടാക്കാത്തതിൽ നികുതി നഷ്ടം | 1-11 |
| 12 | സിനിമാ തിയറ്ററിൽ നിന്നുള്ള വിനോദ നികുതിയി ഉറപ്പാക്കേണ്ടതാണ് | 1-12 |
| 13 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ | 1-13 |

| | | |
|---|---|---|
| | നടപടികൾ കാര്യക്ഷമമാക്കേണ്ടതാണ് | |
| 14 | വികസന ഫണ്ട് ഉപയോഗിക്കാമെന്നിരിക്കെ പദ്ധതി രൂപീകരണ ചെലവുകൾ തനത് ഫണ്ടിൽ നിന്നും വകയിരുത്തി | 1-14 |
| 15 | ശമ്പള പരിഷ്കരണം അനുസരിച്ച് പുതുക്കിയ നിരക്കിലുള്ള പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയില്ല | 1-15 |
| 16 | ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം - 17,30,850/-രൂപ വിനിയോഗിക്കപ്പെടാതെ തനത് ഫണ്ടിൽ അവശേഷിക്കുന്നു | 1-16 |
| 17 | ജല അതോറിറ്റിയുടെ കീഴിലുള്ള പൊതു ടാപ്പുകളുടെ കൃത്യത ഉറപ്പാക്കി മാത്രം വെള്ളക്കരം ഒടുക്കേണ്ടതാണ് | 1-17 |
| 18 | തെരുവു വിളക്കുകളുടെ കൃത്യത ഉറപ്പാക്കി മാത്രം വാങ്ങലുകളും അറ്റകുറ്റപ്പണികളും നടത്തേണ്ടതാണ് | 1-18 |
| 19 | തൊഴിൽ രഹിത വേതനം - സാക്ഷ്യപത്രം പ്രകാരമുള്ള വരുമാനം ഉറപ്പാക്കേണ്ടതാണ് | 1-19 |
| 20 | സാമൂഹ്യക്ഷേമ പെൻഷൻ അപേക്ഷകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ | 1-20 |
| 21 | വാഹന ഉപയോഗത്തിൽ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 1-21 |
| 22 | പെർഫോമൻസ് ഇൻസെന്റീവ് ഗ്രാന്റിനത്തിൽ ലഭ്യമായ 188917/-രൂപ വിനിയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-22 |
| 23 | വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ പേർക്കുള്ള TSB അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതാണ് | 1-23 |
| 24 | മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണം, നിർവ്വഹണം - അവലോകനം | 1-24 |
| 25 | മരാമത്ത് പ്രവൃത്തിയുടെ കരാറുകാരൻ കരാറുടമ്പടി വെക്കുവാൻ കാലതാമസം വരുത്തിയിട്ടും നിയമാനുസൃത പിഴ ഈടാക്കിയില്ല | 1-25 |
| 26 | മരുതക്കുന്ന് റോഡ് നവീകരണം-സ്ഥലലഭ്യത ഉറപ്പാക്കാതെ പ്രവൃത്തി ആരംഭിച്ചതിനാൽ നിർമ്മാണം പൂർത്തീകരിച്ചില്ല | 1-26 |
| 27 | കൊന്നഞ്ചേരി കുന്നുകാട് കുടിവെള്ള പദ്ധതി - പഴയ മോട്ടോർ പഞ്ചായത്തിലേക്ക് കൈമാറിയില്ല | 1-27 |
| 28 | ടാറിംഗ് പ്രവൃത്തികളിൽ ഷ്രെഡഡ് പ്ലാസ്റ്റിക്കിന്റെ ഉപയോഗം വർദ്ധിപ്പിക്കേണ്ടതാണ് | 1-28 |
| 29 | റോഡ് ടാറിംഗ് പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ടാർ ബാരലുകളുടെ വില കുറവു ചെയ്തില്ല | 1-29 |
| 30 | കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി - പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് ചെലവിന്റെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് | 1-30 |

| | | |
|---|---|---|
| 31 | പശു വളർത്തൽ പദ്ധതി - ഗുണഭോക്താക്കളുമായി കരാറിലേർപ്പെടേണ്ടതാണ് | 1-31 |
| 32 | പ്രൈമറി വിദ്യാർത്ഥികൾക്ക് പ്ലേറ്റ്, ഗ്ലാസ്സ് എന്നിവ നൽകൽ - ടെണ്ടർ സ്വീകരിച്ചതിനു ശേഷം സ്പെസിഫിക്കേഷനുകൾ നിശ്ചയിച്ചിട്ടുള്ളത് ഒഴിവാക്കേണ്ടതാണ് | 1-32 |
| 33 | ഊർജ്ജിത സാക്ഷരതാ യജ്ഞം -13-ാം പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിധേയമായി നിർവ്വഹിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ് | 1-33 |
| 34 | കാർഷിക മേഖലയിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയത് അഭിനന്ദനാർഹം | 1-34 |
| 35 | ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ നാളിതുവരെയുള്ള പ്രവർത്തനങ്ങളുടെ അവലോകനം | 1-35 |
| 36 | പി.എം.എ.വൈ പദ്ധതി - ഗുണഭോക്തൃ ലിസ്റ്റില്ലാതെ ബ്ലോക്ക് പഞ്ചായത്തിലേക്ക് കൈമാറിയ 100000/-രൂപ തിരികെ ഈടാക്കേണ്ടതാണ് | 1-36 |
| 37 | അഗതി രഹിത കേരളം പദ്ധതി - അവലോകനം | 1-36 |
| 38 | വനിതകൾക്കും, വിദ്യാർത്ഥികൾക്കുമായുള്ള യോഗ പരിശീലനം - ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചില്ല | 1-38 |
| 39 | ഫർണിച്ചർ വാങ്ങൽ - ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചില്ല | 1-39 |
| 40 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അവലോകനം | 1-40 |

## ഭാഗം-II

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഒന്നുമില്ല

## ഭാഗം-III

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | റോഡ് ടാറിംഗ് പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ടാർ ബാരലുകളുടെ വില കുറവു ചെയ്തില്ല | 3-1 |

## ഭാഗം-IV

## ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് | 4-1 |

| | | |
|---|---|---|
| | നല്കിയതിന്റെ വിവരം | |
| 2 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരം | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ്-സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |

അനുബന്ധം

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്

2. പത്രികകൾ


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

# 1-1 ബജറ്റ്

26-3-2018 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് 15.89 കോടി രൂപയും ചെലവ് 16.37 കോടി രൂപയും നീക്കിയിരിപ്പ് 40.79 ലക്ഷം രൂപയുമാണ്.

# 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2018-19 | 31-7-2019 | 15-05-2019 | - | - |

# 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5988816 |
| വരവ് | 109951051 |
| ആകെ | 115939867 |
| ചെലവ് | 95410225 |
| നീക്കിയിരിപ്പ് | 20529642 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ<br>(എ.സി.ആർ പ്രകാരം) | 0 | 17042291 | 17042291 | 14991616 | 2050675 |
| വികസനഫണ്ട് എസ്.സി.പി<br>(എ.സി.ആർ പ്രകാരം) | 0 | 7576000 | 7576000 | 6295860 | 1280140 |
| വികസനഫണ്ട്<br>ടി.എസ്.പി<br>(എ.സി.ആർ പ്രകാരം) | 0 | 351000 | 351000 | 64056 | 286944 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ്<br>(എ.സി.ആർ പ്രകാരം) | 0 | 10073000 | 10073000 | 5757556 | 4315444 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ്<br>(എ.സി.ആർ പ്രകാരം) | 0 | 3478000 | 3478000 | 2135855 | 1342145 |
| സെൻട്രൽ ഫിനാനൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 7910000 | 7910000 | 7822703 | 87297 |
| എം.എൻ.ആർ.ഇ.ജി. എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 961 | 555635 | 556596 | 553652 | 2944 |
| എം.എൻ.ആർ.ഇ.ജി. എസ്-തൊഴിലാളികളുടെ വേതനം | 0 | 32004806 | 32004806 | 32004806 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട്-ബ്ലോക്ക് പഞ്ചായത്ത് | 28734 | 4182165 | 4210899 | 3926741 | 284158 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട്-ജില്ലാ | 13942 | 2521752 | 2535694 | 2518007 | 17687 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | | | (*) |
| കേന്ദ്രാവിഷ്കൃതം-ICDS | 951225 | 842864 | 1794089 | 952108 | 841981 |
| കേന്ദ്രാവിഷ്കൃതം-ICDS (കോർപ്പറേഷൻ ബാങ്ക്) | 1028570 | 439189 | 1467759 | 578890 | 888869 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 968144 | 10617892 | 11586036 | 797618 | 10788418 |
| തനത്ഫണ്ട് (കെ.എസ്.സി.ബി) | 2362681 | 5680989 | 8043670 | 4161745 | 3881925 |
| ഇ-പേയ്മെന്റ് അക്കൗണ്ട്- SBI | 58462 | 29464370 | 29522832 | 28840685 | 682147 |
| കോർപ്പറേഷൻ ബാങ്ക് | 864228 | 3164567 | 4028795 | 1125402 | 2903393 |
| കോർപ്പറേഷൻ ബാങ്ക്-സാക്ഷരത | 6356 | 286359 | 292715 | 0 | 292715 |
| കെ.എസ്.സി.ബി | 709783 | 32419 | 742202 | 3020 | 739182 |
| ബി ഫണ്ട് | 0 | 383760 | 383760 | 383760 | 0 |

(*) 13942 – ബാങ്കിൽ, 3745-ജോയിന്റ് വെഞ്ച്വർ അക്കൗണ്ടിൽ

# 1-5 പദ്ധതി അവലോകനം (എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വകയിരുത്തൽ സഹിതം)

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 162 | 108154566 | 109 | 74452014 | | 53 | 49 |

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 49% എണ്ണം തൻവർഷം നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 69% ചെലവഴിച്ചിട്ടുണ്ട്.

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 6602815 | 5465815 | 83 |
| വി.ഇ.ഒ -1 | 6 | 4 | 3740000 | 2975000 | 80 |
| വി.ഇ.ഒ -2 | 2 | 2 | 45558000 | 35334240 | 78 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 14 | 14 | 5325100 | 4872222 | 91 |
| [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] |

| | | | | | |
|---|---|---|---|---|---|
| സെക്രട്ടറി | 27 | 18 | 6128469 | 3612843 | 59 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 88 | 46 | 32861682 | 16215107 | 49 |
| എച്ച്.എം | 4 | 4 | 1071500 | 1010484 | 94 |
| മെഡിക്കൽ ഓഫീസർ-PHC | 2 | 2 | 510000 | 477528 | 94 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 2 | 2 | 780000 | 770782 | 99 |
| വെറ്ററിനറി സർജ്ജൻ | 4 | 4 | 2695000 | 1032223 | 38 |
| അസി.സെക്രട്ടറി | 5 | 5 | 1860000 | 1663770 | 89 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 1022000 | 1022000 | 100 |
| ആകെ | 162 | 109 | 108154566 | 74452014 | 69 |

# 1-6 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 203760 | 106 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 10483100 | 726 |
| 3 | വിധവാ പെൻഷൻ | 14027600 | 1142 |
| 4 | വാർദ്ധക്യകാല പെൻഷൻ | 21847200 | 1807 |
| 5 | വികലാംഗ പെൻഷൻ | 3225300 | 245 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 604300 | 50 |

# 1-7 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18-11-2019 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 11163 രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

# 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 24-10-2019, 25-10-2019 | 10/2019 | ലഭ്യമായിട്ടില്ല |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13-6-2008 മുതൽ 27-6-2008 വരെ | 1997-08 മുതൽ 2007-08 വരെ | 4-8-2008 |

# 1-9 ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധേയമായ നേട്ടങ്ങൾ

1. കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായത് അഭിനന്ദനാർഹം

കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിന് ISO 9001:2015 സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുണ്ട്. സർട്ടിഫിക്കറ്റ് നം. TQS/Q-808

3-9-2019 മുതൽ 2-9-2022 വരെ മൂന്ന് വർഷക്കാലയളവിലേക്കാണ് സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുള്ളത്.

ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിലാക്കി ഭരണ സംവിധാനത്തിന്റെ ഗുണമേന്മയുടെ മുഖമുദ്രയായ ISO 9001:2015 ഗ്രാമപഞ്ചായത്ത് കരസ്ഥമാക്കിയത് അഭിനന്ദനാർഹമാണ്. തുടർസേവനങ്ങൾ സമയബന്ധിതമായി നൽകുന്നുണ്ടെന്നും ഓഫീസ് സംവിധാനവും, ഭരണസംവിധാനവും ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് തത്വങ്ങളിൽ അധിഷ്ഠിതമാക്കി നിലനിർത്തുന്നുണ്ടെന്നും ഉറപ്പാക്കുവാൻ അധികൃതർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

2. 2018-19 ൽ 100% നികുതി പിരിവ് എന്ന നേട്ടം കൈവരിച്ചത് അഭിനന്ദനാർഹം

തൻവർഷം കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിന് 100% നികുതി പിരിവ് കൈവരിച്ചതിന് ജില്ലാതലത്തിൽ അംഗീകാരം ലഭ്യമായിട്ടുണ്ട്. ആയത് അഭിനന്ദനാർഹമാണ്. പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം നം. ജി2-10200/19 തിയതി 12-11-2019 പ്രകാരം 4 ജീവനക്കാർക്ക് ഇൻസന്റീവിന് അർഹതയുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

തുടർ വർഷങ്ങളിലും ഈ നേട്ടം നിലനിർത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-10 ബജറ്റ് രൂപീകരണത്തിലെ അപാകതകൾ പരഹരിക്കേണ്ടതാണ്

ബജറ്റ് രൂപീകരണം പാലിക്കേണ്ട നടപടി/ സമയക്രമങ്ങൾ

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 175(1)-ാം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിനും മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/ സമയക്രമം ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ബജറ്റ് രൂപീകരണത്തിൽ പാലിക്കപ്പെട്ടിട്ടില്ല. ബജറ്റ് രൂപീകരണത്തിൽ പാലിക്കേണ്ട നടപടി/ സമയക്രമങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| സെക്രട്ടറി ഘടകസ്ഥാപന മേധാവികളുടെ യോഗം വിളിച്ചു ചേർക്കൽ, പദ്ധതിയേതര നിർദ്ദേശങ്ങൾ ആവശ്യപ്പെടൽ | ഡിസംബർ 15 ന് മുൻപ് |
| ഘടകസ്ഥാപന മേധാവികൾ പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടത് | ജനുവരി 15 ന് മുൻപ് |
| സ്റ്റാന്റിംഗ് കമ്മിറ്റികൾ എസ്റ്റിമേറ്റും നിർദ്ദേശങ്ങളും ചർച്ചചെയ്യേണ്ടത് | ജനുവരി 22 ന് മുൻപ് |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് എസ്റ്റിമേറ്റുകൾ സമർപ്പിക്കേണ്ടത് | ഫെബ്രുവരി 1 ന് മുൻപ് |
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതി-പദ്ധതിയേതര നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് കരട് ബജറ്റ് തയ്യാറാക്കേണ്ടത് | മാർച്ച് 1 ന് മുൻപ് |
| കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി ഗ്രാമപഞ്ചായ ത്തിന്റെ പ്രത്യേക യോഗം പ്രസിഡന്റ് വിളിച്ചു ചേർക്കേണ്ടത് | മാർച്ച് 7 ന് മുൻപ് |
| ബഡ്ജറ്റ് അംഗീകരിക്കേണ്ടത് | മാർച്ച് 31 ന് മുൻപ് |

<u>ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ചു ചേർക്കൽ, പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കൽ</u>

വിവിധ ഘടക സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചു ചേർത്തത് സമയക്രമം പാലിച്ചല്ല. (06.02.2018 ലെ എ.ഒ 879/17 നമ്പർ കത്ത്) ഉദ്യോഗസ്ഥരിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്യുകയോ, തീരുമാനമെടുക്കുകയോ ചെയ്തതായോ കാണുന്നില്ല. സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിച്ച പദ്ധതിയേതര നിർദ്ദേശങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ ഫെബ്രുവരി ഒന്നിന് മുമ്പ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചതായി കാണുന്നില്ല.

നിർവ്വഹണ ഉദ്യോഗസ്ഥരായ കൃഷി ഓഫീസർ, മെഡിക്കൽ ഓഫീസർ(ആയുർവ്വേദം), മെഡിക്കൽ ഓഫീസർ(ഹോമിയോ), എച്ച്.എം, എന്നിവരുടെ പ്രൊപ്പോസലുകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും തിയതി രേഖപ്പെടുത്തിയിട്ടില്ല. ഐ.സി.ഡി.എസ് സൂപ്പർവൈസർ വി.ഇ.ഒ, അസി. എഞ്ചിനിയർ, ഡയറി ഫാം ഇൻസ്ട്രക്ടർ, വെറ്റിനറി സർജൻ, മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടില്ല.

വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ ഫെബ്രുവരി 1 ന് മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടതാണ്. എന്നാൽ സ്റ്റാന്റിംഗ് കമ്മിറ്റികൾ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടില്ല.

ബജറ്റ് തയ്യാറാക്കൽ, പാസാക്കൽ

26.03.2018 ന് ചേർന്ന് ഭരണസമിതി യോഗത്തിൽ തീരുമാനം 1 പ്രകാരം ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 8943667 |
| തൻവർഷം വരവ് | 158916500 |
| ആകെ വരവ് | 167860167 |
| ചെലവ് | 163780500 |
| നീക്കിയിരിപ്പ് | 4079667 |

ബജറ്റ് നിയന്ത്രണം

ബജറ്റ് നിയന്ത്രണത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, സെക്രട്ടറി, അക്കൗണ്ടന്റ് എന്നിവരുടെ ചുമതല വളരെ പ്രധാനപ്പെട്ടതാണ്. സ്ഥാനത്തിന്റെ സാമ്പത്തിക അച്ചടക്കത്തിന്റെ ആണിക്കല്ലായ ബജറ്റിൽ എല്ലാ വരവ്-ചെലവിനങ്ങളും ഉൾപ്പെട്ടുവെന്നും ലഭ്യമാകുവാനുള്ള എല്ലാ തുകകളും ലഭ്യമായെന്നും ഉറപ്പാക്കേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയാണ്. അലോട്ട്മെന്റുകൾ നൽകുമ്പോൾ ആയത് ബജറ്റിന് അനുസൃതമാണെന്ന് അക്കൗണ്ടന്റും സെക്രട്ടറിയും ഉറപ്പാക്കേണ്ടതാണ്.

ബജറ്റ് പരിശോധന

പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും തൻവർഷം ഉയർന്നു വന്നതായി കാണുന്നില്ല. തിയറ്ററുകളിൽ നിന്നുള്ള വിനോദ നികുതി പുന:സ്ഥാപിച്ച സാഹചര്യത്തിൽ വിനോദ നികുതി അടുത്ത വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തി പ്രതീക്ഷിത വരുമാനം കണക്കാക്കേണ്ടതാണ്. നിലവിലെ ബജറ്റിൽ ഉൾപ്പെട്ടിട്ടുള്ള പരസ്യ നികുതി നിലവിലില്ലാത്ത സാഹചര്യത്തിൽ ആയത് ഒഴിവാക്കേണ്ടതുമാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. പ്ലാൻ, നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിൽ ബജറ്റ് മാന്വലിൽ സൂചിപ്പിച്ചിട്ടുള്ള സമയക്രമം പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
2. പ്രതീക്ഷിക്കുന്ന എല്ലാ ഇനങ്ങളും ബജറ്റിൽ ഉൾപ്പെട്ടുവെന്ന് ഉറപ്പാക്കേണ്ടതാണ്.
3. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും വരുമാനം ഉറപ്പാക്കുന്നതിനുമായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ കാര്യക്ഷമമാക്കേണ്ടതാണ്.
4. ബജറ്റ് നിയന്ത്രണത്തിനായി ഭരണ തലത്തിലും ഉദ്യോഗസ്ഥതലത്തിലും ഉള്ള സഹകരണം കുറേക്കൂടി കാര്യക്ഷമമാക്കേണ്ടതാണ്.
5. തുടർ വർഷത്തെ ബജറ്റ് തയ്യാറാക്കുന്നതിൽ സ.ഉ(ആർ.ടി)നം.3291/2016/LSGD തിയതി 02-12-2016 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി സർക്കാർ അംഗീകരിച്ചിട്ടുള്ള ബജറ്റ് മാന്വലിലെ നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-11 നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ വസ്തു നികുതി ഈടാക്കാത്തതിൽ നികുതി നഷ്ടം

കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിന്റെ അനധികൃത കെട്ടിട നിർമ്മാണ രജിസ്റ്റർ(യു.എ രജിസ്റ്റർ) പരിശോധിച്ചപ്പോൾ ക്രമ നമ്പർ 51, 52 ആയി രണ്ട് വാസഗൃഹങ്ങൾക്ക് യു.എ നമ്പർ നൽകിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടു. പ്രസ്തുത കെട്ടിടങ്ങൾക്ക് യു.എ നമ്പർ നൽകിയ സാഹചര്യത്തിൽ നിയമാനുസൃതം ഈടാക്കേണ്ട നികുതി ഈടാക്കിയിട്ടുണ്ടോ എന്നും അനധികൃത നിർമ്മാണത്തിനെതിരെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നും പരിശോധിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ വിവരം</u>

| ക്രമ നം. | കെട്ടിട ഉടമയുടെ പേര്, യു.എ നമ്പർ, തിയതി, തറ വിസ്തീർണ്ണം | 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 235എഎ പ്രകാരം ഈടാക്കേണ്ട നികുതി. |
|---|---|---|
| 1 | ഹരിദാസൻ നായർ,<br>7/51 യു.എ,<br>10.04.2018,<br>96.50 ച.മീ | അടിസ്ഥാന വസ്തു നികുതി നിരക്ക് - 6 രൂപ<br>അടിസ്ഥാന വസ്തു നികുതി - 579രൂപ<br>അടിസ്ഥാന വസ്തു നികുതിയിന്മേലുള്ള ഇളവ് - 57.9 രൂപ (10%- മേഖല)<br>വാർഷിക വസ്തു നികുതി- 1563.3 രൂപ*<br>ആകെ നികുതി - 1641.46 രൂപ<br>(ലൈബ്രറി സെസ്സ് ഉൾപ്പടെ) |
| 2 | കല്യാണിക്കുട്ടിയമ്മ,<br>7/52 യു.എ,<br>10.04.2018,<br>173.99 ച.മീ | അടിസ്ഥാന വസ്തു നികുതി നിരക്ക് - 6 രൂപ<br>അടിസ്ഥാന വസ്തു നികുതി - 1043.94രൂപ<br>അടിസ്ഥാന വസ്തു നികുതിയിന്മേലുള്ള ഇളവ് - 104.39 രൂപ (10%- മേഖല)<br>വാർഷിക വസ്തു നികുതി -3445 രൂപ*<br>ആകെ നികുതി - 3272.75 രൂപ<br>(ലൈബ്രറി സെസ്സ് ഉൾപ്പടെ) |

*കെട്ടിട നിർമ്മാണം നിയമാനുസൃതമായിരുന്നുവെങ്കിൽ ചുമത്താവുന്ന വസ്തു നികുതിയുടെ മൂന്നിരട്ടി.

<u>നിലവിലെ സ്ഥിതി</u>

കെട്ടിടങ്ങൾക്ക് യ.എ നമ്പർ നൽകിയെങ്കിലും നാളിതുവരെ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 235എഎ പ്രകാരം യഥാർത്ഥത്തിൽ ഈടാക്കേണ്ടിയിരുന്ന വസ്തുനികുതിയും ആയതിന്റെ രണ്ടിരട്ടിയും നാളിതുവരെ ഈടാക്കിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 134 പ്രകാരം ക്രമവൽക്കരിക്കുന്നതിനുള്ള അധികാരം അനധികൃത നിർമ്മാണങ്ങൾ കണ്ടുപിടിക്കുകയും തടയുകയും ചെയ്യുന്നതിനും ചട്ടങ്ങൾ പ്രകാരം മറ്റ് നടപടികൾ സ്വീകരിക്കുന്നതിൽ നിന്നും സെക്രട്ടറിയെ വിമുക്തനാക്കുന്നില്ല. എന്നാൽ അപ്രകാരം അനധികൃത നിർമ്മിതിക്കെതിരെ നാളിതുവരെ ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടില്ല. കെട്ടിട ഉടമകൾ ക്രമവത്കരണത്തിനായി നാളിതുവരെ പഞ്ചായത്തിൽ അപേക്ഷ സർപ്പിച്ചിട്ടില്ല. അനധികൃത നിർമ്മാണം

ക്രമവത്കരിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുവാൻ സെക്രട്ടറി കെട്ടിട ഉടമകളോട് രേഖാമൂലം ആവശ്യപ്പെട്ടിട്ടില്ല. അനധികൃത കെട്ടിടം പൊളിച്ചു മാറ്റുന്നതുവരെയോ നിയമാനുസൃതം ക്രമവത്കരിച്ച് യഥാർത്ഥ കെട്ടിട നമ്പർ നൽകുന്നതുവരെ യു.എ നമ്പർ നൽകിയത് പ്രകാരമുള്ള നികുതിയാണ് ഈടാക്കേണ്ടതെങ്കിലും ആയത് നാളിതുവരെ ഈടാക്കിയിട്ടില്ല.

<u>ഓഡിറ്റ് അന്വേഷണവും മറുപടിയും</u>

നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്കെതിരെ സ്വീകരിച്ച നടപടികൾ, ക്രമവൽക്കരണം, നികുതി ഈടാക്കൽ എന്നിവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഓഡിറ്റ് നിർദ്ദേശങ്ങൾ പ്രകാരമുള്ള നടപടികൾ ഉടൻ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.
(ഓഡിറ്റ് അന്വേഷണം നമ്പർ- 15, തിയതി- 25-11-2019)

<u>ഓഡിറ്റ് നിർദ്ദേശം</u>

1. യു.എ രജിസ്റ്ററിൽ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2. കെട്ടിട ഉടമസ്ഥരിൽ നിന്നും 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 235എഎ പ്രകാരം യഥാർത്ഥത്തിൽ ഈടാക്കേണ്ടിയിരുന്ന വസ്തുനികുതിയും ആയതിന്റെ രണ്ടിരട്ടിയും ഈടാക്കി വിവരം അനധികൃത കെട്ടിട നിർമ്മാണ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. തുക ഒടുക്കാത്ത പക്ഷം യു.എ നമ്പർ റദ്ദാക്കേണ്ടതും തുക ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കേണ്ടതുമാണ്.

3. കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം അനധികൃത നിർമ്മിതിക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. കെട്ടിടം ക്രമവത്കരിച്ച് യഥാർത്ഥ നമ്പർ നൽകുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

5. മേൽ പട്ടികയിൽ ചേർത്തിട്ടുള്ള നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ വിശദാംശങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തേണ്ടതും ഡിമാന്റ് ചെയ്യപ്പെടേണ്ടതുമാണ്. കെട്ടിട ഉടമകളിൽ നിന്നും 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 235എഎ പ്രകാരം ഈടാക്കേണ്ട ആകെ നികുതിത്തുക 4914 രൂപ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 1-12 സിനിമാ തിയറ്ററിൽ നിന്നുള്ള വിനോദ നികുതിയി ഉറപ്പാക്കേണ്ടതാണ്

ജി.എസ്.ടി നിലവിൽ വന്ന സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കി വന്നിരുന്ന വിനോദ നികുതി ഈടാക്കേണ്ടതില്ല എന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. സ.ഉ(കൈ)നം.112/2019/തസ്വഭവ തിയതി 31-08-2019, സ.ഉ(കൈ)നം.149/2019/തസ്വഭവ തിയതി 22-11-2019 പ്രകാരം 100 രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5% വിനോദ നികുതിയും 100 രൂപയിൽ കൂടുതലുള്ള സിനിമാ ടിക്കറ്റുകൾക്ക് 8.5% വിനോദ നികുതിയും 1-9-2019 മുതൽ ഈടാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി സർക്കാർ ഉത്തരവായിട്ടുള്ളതാണ്. സ.ഉ(കൈ)നം.149/2019/തസ്വഭവ തിയതി 22-11-2019 പ്രകാരം 01-09-2019 മുതൽ വിനോദ നികുതി ഈടാക്കാത്ത തിയേറ്റർ ഉടമകൾ 16-11-2019 മുതൽ വിനോദ നികുതി കൃത്യമായി ഈടാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഒടുക്കേണ്ടതാണെന്നും 01-09-2019 മുതൽ 15-11-2019 വരെ

പ്രേക്ഷകരിൽ നിന്നും വിനോദനികുതി ഈടാക്കിയിട്ടില്ലാത്ത തിയേറ്റർ ഉടമകൾ അപ്രകാരം വിനോദ നികുതി ഈടാക്കിയിട്ടില്ല എന്ന ഒരു സത്യവാങ്മൂലം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്ക് സമർപ്പിക്കേണ്ടതാണെന്നും ഉത്തരവായിട്ടുള്ളതാണ്. ഇ-ടിക്കറ്റിംഗ് നിലവിൽ വരുന്നതുവരെ സിനിമാ ടിക്കറ്റുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ കൊണ്ടുപോയി സീൽ ചെയ്യേണ്ടതില്ലെന്നും പകരം ചരക്ക് സേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി തൊട്ടടുത്ത മാസം മൂന്നാം തിയതിക്കുള്ളിൽ വിനോദ നികുതി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഓഡിറ്റ് തിയതി വരെയുള്ള രസീതികൾ പരിശോധിച്ചതിൽ വിനോദ നികുതി ഇനത്തിൽ യാതൊരു തുകയും ഗ്രാമപഞ്ചായത്തിൽ വരവില്ലെന്ന് ബോധ്യപ്പെട്ടു.

കണ്ണമ്പ്ര ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന "ജയഭാരത് തിയേറ്റർ/മുവീസ്" എന്ന സിനിമാ തിയറ്ററിൽ നിന്നുള്ള വിനോദ നികുതി ഉറപ്പാക്കിയാൽ ഗ്രാമപഞ്ചായത്തിന്റെ വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാകുമെന്ന് വിലയിരുത്തുന്നു. സെക്രട്ടറിയുടെ 12.06.2019 ലെ ബി2-3381/19, 02.09.2019 ലെ ബി2-4833/19 എന്നീ കത്തുകൾ പ്രകാരം വിനോദ നികുതി അടവാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് തിയേറ്റർ ഉടമയ്ക്ക് നൽകിയ കത്തുകൾക്ക് ബഹു: കേരള ഹൈക്കോടതിയിൽ കേസ്സുള്ളതിനാൽ നികുതി അടയ്ക്കുവാൻ നിർവ്വാഹമില്ല എന്ന് മറുപടി ലഭ്യമാക്കി. നിലവിൽ വിനോദ നികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കിക്കൊണ്ട് വിധി പ്രസ്താവിക്കുകയോ, സ്റ്റേ ഉത്തരവ് പുറപ്പെടുവിക്കുകയോ ചെയ്യാത്ത സാഹചര്യത്തിൽ കേസ് നൽകി എന്നതിന്റെ അടിസ്ഥാനത്തിൽ മാത്രം തിയേറ്റർ ഉടമ വിനോദ നികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാകുന്നില്ല. ആയതിനാൽ മേൽ സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പ്രകാരം വിനോദ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് വിനോദ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം നമ്പർ 11/23.11.2019)

<u>ഓഡിറ്റ് നിർദ്ദേശം</u>

സർക്കാർ ഉത്തരവുകളനുസരിച്ച് വിനോദ നികുതി ഈടാക്കേണ്ടതും എല്ലാ മാസവും മൂന്നാം തിയതിക്കു മുമ്പ് ജി.എസ്.ടി റിട്ടേണിൽ സൂചിപ്പിച്ചിട്ടുള്ള ടിക്കറ്റുകളുടെ എണ്ണത്തിന് ആനുപാതികമായി വിനോദ നികുതി ഒടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

തുക ഒടുക്കാത്തപക്ഷം നോട്ടീസ് നൽകി തുക ഈടാക്കേണ്ടതാണ്. തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-13 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ്

# സേവനങ്ങൾക്കും ലൈസൻസ് നൽകൽ നടപടികൾ കാര്യക്ഷമമാക്കേണ്ടതാണ്

എ) ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടില്ല

2018-ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന് അനുസൃതമായി 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 232 ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 'അസഹ്യവും അപകടകരവുമായ വ്യാപാരങ്ങളും ഫാക്ടറികളും' എന്ന വാക്കുകൾക്ക് പകരം 'ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ' എന്ന് മാറ്റം വരുത്തിയിരുന്നു. ആയതിനെത്തുടർന്ന് 1996-ലെ കേരള പഞ്ചായത്ത് രാജ്(ആപത്കരവും അസഹ്യവുമായ വ്യപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളുടെ പേര് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, 1996 എന്നാക്കി മാറ്റി. 31.10.2017 ലെ ഭേദഗതി ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കേണ്ടതാണെന്ന് നിഷ്കർഷിക്കുകയും പട്ടിക രണ്ടിൽ ഇതിനായി മാറ്റങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്. കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ലൈസൻസ് ഫീ രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1. ലൈസൻസ് ചട്ടങ്ങളിലെ ഭേദഗതി പ്രകാരം സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിക്കേണ്ടതും ഉൽപാദനം, സേവനം എന്നിങ്ങനെ തരം തിരിച്ച് മൂലധന നിക്ഷേപം രേഖപ്പെടുത്തേണ്ടതുമാണ്. ആയതിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീ നിശ്ചയിക്കേണ്ടത്. അപേക്ഷകളിലോ, രജിസ്റ്ററിലോ അത്തരത്തിൽ സ്ഥാപനങ്ങളിൽ നിന്നും ഇൻവെസ്റ്റ്മെന്റ് രേഖപ്പെടുത്തി വാങ്ങുന്നില്ല.
2. മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് നിശ്ചയിച്ച് ഈടാക്കുന്നതിനു പകരം വിറ്റുവരവ് അടിസ്ഥാനമാക്കിയാണ് ഫീസ് ഈടാക്കിയിട്ടുള്ളതും ലൈസൻസ് അനുവദിച്ചിട്ടുള്ളതും. ലൈസൻസ് ചട്ടങ്ങളിൽ ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ച് രണ്ട് വർഷം കഴിഞ്ഞിട്ടും അപേക്ഷാ ഫോറത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയിട്ടില്ല.

(ബി) ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് റേഷൻകടകൾ പ്രവർത്തിക്കുന്നു

1996ലെ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകൾക്ക്, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ എന്നിവയ്ക്ക് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് ലൈസൻസ് അനുവദിച്ചിട്ടില്ല.
ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് പഞ്ചായത്ത് പ്രദേശത്തെ എല്ലാ റേഷൻ കടകൾക്കും ലൈസൻസ് എടുക്കുന്ന ആവശ്യത്തിലേക്കായി കത്ത് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്തിരാജ് നിയമം വകുപ്പ് 232, 1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന റേഷൻ കടകൾക്കെതിരെ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(സി) ഉറവിട മാലിന്യ സംസ്കരണത്തിനായി സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്

സ.ഉ(സാധാ)നം.2511/2017/തസ്വഭവ തിയതി 22-07-2017 പ്രകാരം ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഹോട്ടലുകൾ, ക്ലബ്ബുകൾ, കല്യാണ മണ്ഡപങ്ങൾ, ഹാളുകൾ, ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന മാളുകൾ, റീടെയിൽ കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന സിനിമാ തിയറ്ററുകൾ, വസ്ത്രശാലകൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റ്, പച്ചക്കറി-പഴം വിപണന കടകൾ, മത്സ്യം, മാസം എന്നിവ വിൽക്കുന്ന കടകൾ, കാന്റീനുകൾ, എന്നിവിടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പ്ലാന്റ് പോലുള്ള സംവിധാനങ്ങൾ 15-09-2017ന് മുമ്പായി സജ്ജീകരിക്കുവാനുള്ള നിർദ്ദേശം സ്ഥാപനങ്ങളോട് നിർദ്ദേശിക്കുവാൻ സർക്കാർ ആവശ്യപ്പെട്ടിരുന്നു. അത്തരത്തിൽ സംവിധാനം ഏർപ്പെടുത്താത്ത സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചിരുന്നു. ജൈവ, അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കി മാത്രമേ ഡി&ഒ ലൈസൻസ് അനുവദിക്കാവൂ എന്നും അജൈവ മാലിന്യങ്ങൾ നിശ്ചിത ഫീസ് ഈടാക്കി തദ്ദേശ സ്ഥാപനത്തിന് ശേഖരിക്കാവുന്നതാണെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

നിലവിലുള്ളതും പുതുതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 219A മുതൽ 219X വരെയുള്ള വകുപ്പുകൾ, കേന്ദ്ര സർക്കാരിന്റെ സോളിഡ് വേസ്റ്റ് ചട്ടങ്ങൾ, 2016 ലെ ചട്ടം 4 എന്നിവ നടപ്പാക്കുന്നുണ്ടെന്ന് സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നു. സർക്കാർ ഉത്തരവ് അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതിൽ പഞ്ചായത്ത് വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ലെന്ന് രേഖകളുടെ പരിശോധനയിൽ ബോധ്യപ്പെട്ടു. സർക്കാർ ഉത്തരവുകളിലേയും സർക്കുലറുകളിലേയും നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

(ഡി) വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് ഫീസ് ഈടാക്കുന്നില്ല.

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 18 അനുസരിച്ച് വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്ര സാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് 1994 ലെ കേ.പ.രാ ആക്ട് 232-ാം വകുപ്പ് പ്രകാരം ഒരു കൊല്ലത്തേക്ക് ലൈസൻസ് നൽകുകയോ പുതുക്കി നൽകുകയോ ചെയ്യുന്നതിന് പട്ടിക III ൽ പറഞ്ഞ തുകയിൽ അധികരിക്കാതെ ഫീസ് ചുമത്താവുന്നതാണ്. എന്നാൽ 2018-19 വർഷം യന്ത്രങ്ങളുടെ തുടർ നടത്തിപ്പിനു തുക ഒന്നും തന്നെ ഈടാക്കിയിട്ടില്ല. ഈടാക്കേണ്ടിയിരുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | അപേക്ഷകന്റെ പേരും, സ്ഥാപനത്തിന്റ പേരും, വാർഡ്/ കെട്ടിട നമ്പർ | അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തി | ചുമത്താവുന്ന പരമാവധി ഫീസ് |
|---|---|---|---|---|
| 1 | 70 | രമ്യ ബാബു,<br>നേച്ചേഴ്സ് പ്രൈം ഓർഗാനിക് | 25 HP | 300 |

| | | | | |
|---|---|---|---|---|
| | | ലിമിറ്റഡ്, 13/479 | | |
| 2 | 17 | റിമോ സാനി,<br>യാഷ് റബ്ബേഴ്സ്, 13/457 | 12 HP | 200 |
| 3 | 9 | എം.ജയൻ,<br>സ്വാമി റൈസ് മിൽ, 8/217 | 10 HP | 100 |
| 4 | 10 | വിജയലക്ഷ്മി. കെ.ആർ,<br>ശ്രീ ഗോപാല<br>റൈസ് മിൽ, 6/300 | 10 HP | 100 |
| 5 | 11 | ടി.സരോജനി അമ്മ,<br>സരോജ റൈസ് മിൽ, 7/277 | 10 HP | 100 |
| 6 | 12 | എം.രാജേഷ്, എ.എസ്.എം<br>റൈസ് മില്ല്, 7/145 | 10 HP | 100 |
| 7 | 13 | കാർത്ത്യായനി. പി,<br>സാജിൽ റൈസ് മിൽ, 4/111 | 10 HP | 100 |
| 8 | 14 | ആർ.കെ. നാരായണൻകുട്ടി,<br>കൃഷ്ണാ റൈസ് മിൽ, 7/194 | 10 HP | 100 |
| 9 | 15 | വനജ.വി, ഐശ്വര്യ ഫ്ലോറ്&<br>ഓയിൽ മിൽ, 5/266 | 10 HP | 100 |
| ആകെ | | | | 1200 രൂപ. |

(ഇ) പുതിയ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനുള്ള നിരീക്ഷണ സംവിധാനം ഇല്ല

കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയം വിവരം, ന്യൂ ബിൽഡിംഗ് രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചപ്പോൾ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 2018-19 സാമ്പത്തിക വർഷത്തിൽ നിർമ്മാണം പൂർത്തീകരിച്ച് നമ്പർ നൽകിയ ധാരാളം സ്ഥാപനങ്ങളുണ്ടെന്ന് കണ്ടെത്തി. നമ്പർ അനുവദിച്ചതിനുശേഷം പഞ്ചായത്തിന്റെ ലൈസൻസ് എടുത്ത് കെട്ടിടങ്ങളിൽ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടോ എന്ന് ഉറപ്പാക്കിയതായി കാണുന്നില്ല.
ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | നികുതി നിർണ്ണയ വിവരപ്രകാരം കെട്ടിടത്തിന്റെ ഉപയോഗക്രമം |
|---|---|---|
| 1 | 1/639 | ഷോപ്പുകൾ- കടമുറികൾ |
| 2 | 1/640 | ഷോപ്പുകൾ- കടമുറികൾ |
| 3 | 1/641 | ഷോപ്പുകൾ- കടമുറികൾ |
| 4 | 1/642 | ഷോപ്പുകൾ- കടമുറികൾ |
| 5 | 1/644 | ഷോപ്പുകൾ- കടമുറികൾ |
| 6 | 1/645 | ഷോപ്പുകൾ- കടമുറികൾ |
| 7 | 1/646 | ഷോപ്പുകൾ- കടമുറികൾ |
| 8 | 1/647 | ഷോപ്പുകൾ- കടമുറികൾ |
| 9 | 1/648 | ഷോപ്പുകൾ- കടമുറികൾ |

മേൽ കെട്ടിടങ്ങളിൽ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടോ എന്നും ലൈസൻസ് അനുവദിച്ചിട്ടുണ്ടോ എന്നും അറിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 1/643, 1/644

എന്നീ കടമുറികൾ ഒഴികെ മറ്റ് കടമുറികൾ പ്രവർത്തിക്കാതെ അടഞ്ഞു കിടക്കുകയായിരുന്നെന്നും പ്രവർത്തിക്കുന്ന മുറയ്ക്ക് ലൈസൻസ് എടുപ്പിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്താണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പാക്കുന്നതിനായി കാര്യക്ഷമമായ ഒരു സംവിധാനം ഉണ്ടാകേണ്ടതാണ്.

(എഫ്) ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ലൈസൻസ് ചട്ടങ്ങളിലെ ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിക്കേണ്ടതും ഉൽപാദനം, സേവനം എന്നിങ്ങനെ തരം തിരിച്ച് മൂലധന നിക്ഷേപം രേഖപ്പെടുത്തേണ്ടതുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ നിശ്ചയിച്ച് ഈടാക്കേണ്ടതാണ്.
2. അപേക്ഷാ ഫോറത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്
4. യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനുള്ള അനുമതി ഫീസ്, യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്നതിനുള്ള അനുമതി ഫീസ് എന്നിവ നിയമങ്ങളും ചട്ടങ്ങളും അനുശാസിക്കും പ്രകാരം ഈടാക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നമ്പർ-10, തിയതി- 23.11.2019)

# 1-14 വികസന ഫണ്ട് ഉപയോഗിക്കാമെന്നിരിക്കെ പദ്ധതി രൂപീകരണ ചെലവുകൾ തനത് ഫണ്ടിൽ നിന്നും വകയിരുത്തി

2018-19 വർഷത്തെ പദ്ധതി രൂപീകരണ, നിർവ്വഹണ, മോണിറ്ററിംഗ് ചെലവുകൾ നിർവ്വഹിക്കുന്നതിനായി തനത് ഫണ്ടിൽ നിന്നും 150000/-രൂപ വകയിരുത്തി ഒരു പ്രൊജക്റ്റ് ആവിഷ്കരിച്ചിട്ടുണ്ട്. പ്രൊ.നം. 57/19. ഈ ഇനത്തിൽ 149984/- രൂപയാണ് തൻവർഷം ചെലവുള്ളത്.

സ.ഉ(എം.എസ്)നം.11/18/തസ്വഭവ തിയതി 29-01-2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 8.4 പ്രകാരം പദ്ധതി രൂപീകരണത്തിനായി വികസന ഫണ്ടിൽ നിന്നും 3 ലക്ഷം രൂപയും (പരമാവധി 2%) നിർവ്വഹണം, മോണിറ്ററിംഗ് എന്നിവയ്ക്കായി 1.5 ലക്ഷം രൂപയും (പരമാവധി 1%) ചെലവഴിക്കാവുന്നതാണ്. പദ്ധതി രൂപീകരണം, മോണിറ്ററിംഗ് എന്നിവയ്ക്കായി വികസന ഫണ്ട് ചെലവഴിക്കാമെന്നിരിക്കെ ഗ്രാമപഞ്ചായത്തിൽ ഇക്കാര്യത്തിനായി തനത് ഫണ്ട് വകയിരുത്തി ചെലവഴിച്ചത് സാമ്പത്തികാസൂത്രണത്തിന്റെ പരിമിതിയായി കണക്കാക്കുന്നു.
എല്ലാ ബാധ്യതകളും തിട്ടപ്പെടുത്തി തനത് ഫണ്ടിൽ നിന്നും കിഴിവു ചെയ്തതിനുശേഷം ബാക്കി തുകയുണ്ടെങ്കിൽ മാത്രമേ തനത് ഫണ്ടിൽ നിന്നും പദ്ധതി പ്രവർത്തനങ്ങൾക്കായി തുക വകയിരുത്തുവാൻ സാധിക്കുകയുള്ളൂ. തുടർവർഷങ്ങളിൽ തനത് ഫണ്ടിന്റെ യഥാർത്ഥ സ്ഥിതി

വിലയിരുത്തി മാത്രം ഇത്തരത്തിൽ തനത് ഫണ്ടിൽ നിന്നും തുക വകയിരുത്തി പ്രൊജക്റ്റ് ആവിഷ്കരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

# 1-15 ശമ്പള പരിഷ്കരണം അനുസരിച്ച് പുതുക്കിയ നിരക്കിലുള്ള പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയില്ല

സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും സ.ഉ(അച്ചടി)നം.7/2016/ധന തീയതി- 20-01-2016 പ്രകാരം ഉത്തരവായിരുന്നു. ഉത്തരവിലെ ഖണ്ഡിക 48(1) പ്രകാരം 01/07/2014 പ്രാബല്യത്തിൽ പുതുക്കിയ നിരക്കിലുള്ള ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ധനകാര്യ വകുപ്പിന്റെ 22/3/17-ലെ 16/2017/ഫിൻ നമ്പർ സർക്കുലർ അനുസരിച്ച് 31.1.2016-ൽ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തിരുന്നതും 2014 ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള പുതുക്കിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിലുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചതുമായ ജീവനക്കാർക്ക് അർഹമായ അടിസ്ഥാന ശമ്പളകുടിശ്ശികയുടെ 15%-ന് തുല്യമായ തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്. എന്നാൽ ഇതനുസരിച്ചുള്ള പെൻഷൻ കോൺട്രിബ്യൂഷൻ പഞ്ചായത്തിൽ നിന്നും ഒടുക്കിയിട്ടില്ല. കൂടാതെ പങ്കാളിത്ത പെൻഷൻ പദ്ധതിയിലുൾപ്പെട്ട ജീവനക്കാരുടെ ഫെബ്രുവരി 2016 മുതൽ പുതിയ നിരക്കിലുള്ള പെൻഷൻ വിഹിതം അടവാക്കേണ്ടതാണ് എന്നുമാണ് ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളത്.

തൻവർഷം 04/2018, 10/2018, 11/2018 മാസങ്ങളിലായി വിവിധ ബില്ലുകളിലായി ശമ്പള പരിഷ്കരണ കുടിശ്ശികയുടെ 3, 4 ഗഡുക്കൾ പിൻവലിച്ച് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം. | തിയ്യതി | തുക |
|---|---|---|---|
| 1 | 21800079 മുതൽ 21800082 വരെ | 28-4-2018 | 199968 |
| 2 | 21800539 & 21800540 | 03-10-2018 | 165098 |
| 3 | 21800551 | 05-10-2018 | 14429 |
| 4 | 21800660 | 12-11-2018 | 13173 |

തനതു ഫണ്ട് ചെലവു രേഖകളുടെ പരിശോധനയിൽ മേൽ പട്ടികയിലെ ശമ്പള പരിഷ്കരണ കുടിശ്ശികയ്ക്കാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ വിഹിതം സർക്കാരിലേയ്ക്ക് ഒടുക്കിയിട്ടില്ല

എന്ന ബോധ്യപ്പെട്ടു. വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണം നം.12, തീയതി-23-11-2019 ന്റെ മറുപടിയിൽ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-16 ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം - 17,30,850/-രൂപ വിനിയോഗിക്കപ്പെടാതെ തനത് ഫണ്ടിൽ അവശേഷിക്കുന്നു

ഐ.സി.ഡി.എസ് കേന്ദ്ര വിഹിതമിനത്തിൽ 31.03.2019 ലെ നീക്കിയിരുപ്പ് പ്രകാരം രണ്ട് അക്കൗണ്ടുകളിലായി 17,30,850/- രൂപ വിനിയോഗിക്കപ്പെടാതെ അവശേഷിക്കുന്നു. (STSB – 841981, കോർപ്പറേഷൻ ബാങ്ക്, കണ്ണമ്പ്ര – 888869/-). സർക്കുലർ നം. 39033/- ഡി.സി2/2010/ ത.സ്വ.ഭ.വ തിയതി 3.09.2010 പ്രകാരം പൂരക പോഷകാഹാര പദ്ധതിക്കായി (എസ്.എൻ.പി) ലഭ്യമാവുന്ന കേന്ദ്രസഹായത്തിലെ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും,കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, ഇതര ഭൗതിക സാഹചര്യങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിന് തദ്ദേശ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണ്. 13-ാം പദ്ധതി മാർഗ്ഗരേഖ (അവശേഷിക്കുന്ന വാർഷിക പദ്ധതികൾ) - സ.ഉ (കൈ) നം- 11/18/ ത.സ്വ.ഭ.വ തീയതി 29.01.18 ലെ നിർദ്ദേശങ്ങളനുസരിച്ച് അങ്കണവാടികൾക്ക് ഭൗതിക സാഹചര്യങ്ങൾ ഒരുക്കൽ നിർബന്ധിത പ്രൊജക്ടുകളാണ്.

ഐ.സി.ഡി.എസ് സൂപ്പർവൈസർ രേഖാ മൂലം ലഭ്യമാക്കിയ വിവരങ്ങളനുസരിച്ച് പഞ്ചായത്തിൽ ആകെ 25 അങ്കണവാടികളുള്ളതിൽ താഴെ പറയുന്നവയുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. മേൽ സർക്കുലർ അനുസരിച്ച് പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

| ഭൗതിക സാഹചര്യങ്ങൾ ഒരുക്കേണ്ട അങ്കണവാടികളുടെ എണ്ണം | ഒരുക്കേണ്ട സാഹചര്യങ്ങൾ |
|---|---|
| 5 | കെട്ടിടം. നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. ഇതിൽ ഒരെണ്ണത്തിൽ എം.എൽ.എ ഫണ്ട് ഉപയോഗിച്ച് പ്രവൃത്തി നടക്കുന്നുണ്ട്. ഒരെണ്ണത്തിന് സ്ഥലം ലഭിച്ചിട്ടുണ്ട് |
| 5 | വൈദ്യുതി കണക്ഷൻ |
| 5 | ചുറ്റുമതിൽ |

തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-17 ജല അതോറിറ്റിയുടെ കീഴിലുള്ള പൊതു ടാപ്പുകളുടെ കൃത്യത ഉറപ്പാക്കി

# മാത്രം വെള്ളക്കരം ഒടുക്കേണ്ടതാണ്

ജല അതോറിറ്റിയുടെ കീഴിലുള്ള 328 പൊതു ടാപ്പുകൾ ഗ്രാമപഞ്ചായത്ത് അതിർത്തിയിലുണ്ട്. പ്രതിമാസം 143500 രൂപ ജല അതോറിറ്റിയിലേക്ക് തനത് ഫണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് ഒടുക്കി വരുന്നുണ്ട്. തൻവർഷം ആകെ 17.22 ലക്ഷം രൂപ വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്.

പൊതു ടാപ്പുകളുടെ കൃത്യമായ കണക്കിന്റെ അടിസ്ഥാനത്തിലല്ല വെള്ളക്കരം ഒടുക്കി വരുന്നത്. (ഓഡിറ്റ് അന്വേഷണം നം.17, തിയ്യതി – 25-11-2019)
ജല അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ റിപ്പോർട്ട് ലഭ്യമായിട്ടില്ല എന്ന വിവരം എക്സിറ്റ് മീറ്റിംഗ് വേളയിൽ അറിയിച്ചിട്ടുണ്ട്.

താഴെ പറയുന്ന നിർദ്ദേശങ്ങൾ കൂടി കണക്കിലെടുക്കേണ്ടതാണ്.

1. സംയുക്ത പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉപയോഗത്തിലുള്ളവയക്ക് മാത്രം തുക ഒടുക്കുന്നുള്ളു എന്നുറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. എല്ലാ പ്രദേശത്തും കുടിവെള്ളം ഉറപ്പാക്കിയതിനുശേഷം പൊതു ടാപ്പുകൾ ഘട്ടം ഘട്ടമായി നിർത്തലാക്കുന്നതിനുള്ള ശ്രമം നടത്തി പഞ്ചായത്തിന്റെ ബാധ്യത കുറയ്ക്കേണ്ടതാണ്.
3. പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് വ്യക്തിഗത സബ്സിഡി അനുവദിച്ച് കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-18 തെരുവു വിളക്കുകളുടെ കൃത്യത ഉറപ്പാക്കി മാത്രം വാങ്ങലുകളും അറ്റകുറ്റപ്പണികളും നടത്തേണ്ടതാണ്

പുതിയ തെരുവ് വിളക്കുകൾ സ്ഥാപിച്ചതിനുശേഷവും പഴയവ മാറ്റി സ്ഥാപിച്ചതിനുശേഷവും വാറണ്ടി കാലയളവിലെ സംരക്ഷണം ലാമ്പുകൾ വിതരണം ചെയ്ത സ്ഥാപനത്തിന്റെ ഉത്തരവാദിത്തത്തിൽ നിറവേറ്റുന്നതിനുള്ള നിരീക്ഷണ സംവിധാനം ഉണ്ടോ എന്ന് വിലയിരുത്തുന്നതിനായി വാങ്ങൽ, അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായുള്ള പ്രോജക്ടുകൾ പരിശോധിച്ചതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

<u>1. പുതിയ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ</u>

50/19-പുതിയ എൽ.ഇ.ഡി, ട്യൂബ് സെറ്റ് സ്ഥാപിക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 960000 രൂപ

മുൻ വർഷം അനുവദിച്ച തുക - 505000

തൻവർഷത്തെ ചെലവ് - 455000 (ബിൽ നം. 12/10-8-2018)

മുൻ വർഷത്തിൽ ഉൾപ്പെടെ 18 വാട്ടിന്റെ 250 ഉം 24 വാട്ടിന്റെ 100 ഉം എൽ.ഇ.ഡി ലാമ്പുകൾ എല്ലാ അനുബന്ധ ഉപകരണങ്ങളും സഹിതം ക്രൂസ്, കാസർഗോഡ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി

സ്ഥാപിച്ചിട്ടുണ്ട്. ലാമ്പുകളുടെ വാറണ്ടി കാലയളവ് രണ്ട് വർഷമാണ്. 25-1-2018 നാണ് എഗ്രിമെന്റ് വെച്ചിട്ടുള്ളത്. 25-1-2010 വരെ വാറണ്ടി നിലനിൽക്കുന്നുണ്ട്. എഗ്രിമെന്റ് നം. 6/25-1-2018

## 2. വാർഷിക അറ്റകുറ്റപ്പണികൾക്കായി തെരുവു വിളക്കുകൾ വാങ്ങി നൽകൽ

72/19-തെരുവു വിളക്കുകൾ വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 400000

ചെലവ് - 317058 (ബിൽ നം. 18/26-10-2018- 236554 & 27/14-1-19 -80504)

23 വാട്ടിന്റെ 700 എൽ.ഇ.ഡി ലാമ്പുകളും 40 വാട്ടിന്റെ 500 ട്യൂബുകളും കെ.എസ്.ഐ.ഇ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. സ്പെസിഫിക്കേഷനിൽ ലാമ്പുകൾക്ക് ആവശ്യമായ വാറണ്ടി എത്ര വർഷമാണെന്ന് രേഖപ്പെടുത്താതിരുന്നതിനാൽ സ്ഥാപനത്തിന്റെ ബില്ലുകളിൽ വാറണ്ടി രേഖപ്പെടുത്തിയിട്ടില്ല. എഗ്രിമെന്റിലും വാറണ്ടി രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ആകെ വാങ്ങിയ 1200 ലാമ്പുകൾക്ക് എത്ര വർഷത്തെ വാറണ്ടി ഉണ്ടെന്ന് ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല. വാറണ്ടി കാലയളവിൽ കേടുപാടുകൾ സംഭവിച്ചാൽ ലാമ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള ഉത്തരവാദിത്തം സ്ഥാപനത്തിനാണെന്നിരിക്കെ മതിയായ രേഖകളുടെ അഭാവത്തിൽ ആയതിന് സാധിക്കാതെ വരുന്നതാണെന്ന് വിലയിരുത്തുന്നു. ടെണ്ടർ ക്ഷണിക്കുമ്പോൾ ആവശ്യമായ സാമഗ്രിയുടെ സ്പെസിഫിക്കേഷനിൽ എല്ലാ വിവരണങ്ങളും ഉൾപ്പെടുത്തേണ്ടതാണ്.

എഗ്രിമെന്റ് നം. 2/18-9-2018

## 3. അറ്റകുറ്റപ്പണികൾക്കുള്ള കരാർ

72/19-തെരുവു വിളക്കുകളുടെ മെയ്ന്റനൻസ്

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 300000

ചെലവ് - 240917 (ബിൽ നം. 22/16-1-2019- 203666 & 28/23-2-19 -37251)

ലാമ്പുകൾ പഞ്ചായത്ത് സപ്ലൈ ചെയ്യുകയും അറ്റകുറ്റപ്പണികൾ കരാറുകാരൻ നടത്തുകയും ചെയ്യുന്ന രീതിയാണ് തുടർന്നു വരുന്നത്. തൻവർഷം ഈശ്വരി ഇലക്ട്രിക്കൽസ്, പാലക്കാട് എന്ന സ്ഥാപനമാണ് വാർഷിക അറ്റകുറ്റപ്പണി ഏറ്റെടുത്തിട്ടുള്ളത്. എഗ്രിമെന്റ് നം. 1/11-9-2018. കരാറുകാരൻ ആവശ്യപ്പെടുന്ന മുറയ്ക്ക് ലാമ്പുകൾ നൽകുകയും റിപ്പയർ പ്രവൃത്തികൾ നിർവ്വഹിക്കുകയും ചെയ്യുന്നുണ്ട്. മെമ്പർമാരുടെ സാക്ഷ്യപത്രം വിലയിരുത്തിയാണ് തുക അനുവദിക്കുന്നത്.

വാർഷിക അറ്റകുറ്റപ്പണികളുടെ ഭാഗമായി തൻവർഷം 700 എൽ.ഇ.ഡി ലാമ്പുകളും 500 ട്യൂബുകളും വാങ്ങിയിട്ടുണ്ട്. ആകെയുള്ള ലാമ്പുകളുടെ 69 ശതമാനവും മാറ്റി സ്ഥാപിച്ചതായി കാണുന്നു. എ.എം.സി ഉള്ള ലാമ്പുകളെ ഒഴിവാക്കി ബാക്കിയുള്ള ലാമ്പുകളുടെ മാത്രം അറ്റകുപ്പണികൾക്ക് മാത്രം തുക വകയിരുത്തുവാൻ ശ്രദ്ധിക്കേണ്ടതുണ്ട്.

## 4. പഞ്ചായത്തിലെ തെരുവു വിളക്കുകളുടെ കണക്ക്, വൈദ്യുതി ചാർജ്ജ്

2018-19 വർഷത്തെ വാർഷിക റിപ്പോർട്ട് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

എൽ.ഇ.ഡി - 1330

ട്യൂബ് - 413

ആകെ - 1743

74 മീറ്ററുകൾ സ്ഥാപിച്ച് ഭൂരിഭാഗം ലാമ്പുകളും മീറ്ററിനു കീഴിലാക്കിയിട്ടുണ്ട്. പ്രതിമാസം ശരാശരി 80000 രൂപ വൈദ്യുതി ചാർജ്ജിനത്തിൽ ചെലവഴിക്കുന്നുണ്ട്.

5. ഓഡിറ്റ് നിർദ്ദേശങ്ങൾ

1. കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരും, പഞ്ചായത്ത് അധികൃതരും ചേർന്ന് സംയുക്ത പരിശോധനത്തി ലാമ്പുകളുടെ കൃത്യത ഉറപ്പാക്കി തെരുവ് വിളക്കുകളുടെ രജിസ്റ്റർ കാലികമാക്കേണ്ടതാണ്.
2. ബാക്കിയുള്ള തെരുവു വിളക്കുകൾ കൂടി മീറ്ററിനു കീഴിൽ കൊണ്ടു വരുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. ഊർജ്ജ ഉപഭോഗം കൂടുതലുള്ള ട്യൂബ് ലൈറ്റുകൾക്ക് പകരം ഊർജ്ജ ഉപഭോഗം കുറവുള്ള എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള തുടർ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

4. വാറണ്ടി നിലവിലുള്ള ലാമ്പുകൾക്ക് കേടുപാടുകൾ സംഭവിച്ചാൽ ഏജൻസികൾ മുഖേന മാറ്റി സ്ഥാപിക്കേണ്ടതാണ്. വാറണ്ടി ഉള്ള ലാമ്പുകൾക്ക് വാർഷിക അറ്റകുറ്റപ്പണി നടത്തുന്നില്ല എന്ന് ഉറപ്പാക്കുന്നതിനുള്ള നിരീക്ഷണ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. കൃത്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ മാത്രം അറ്റകുറ്റപ്പണികൾക്കുള്ള അടങ്കൽ നിശ്ചയിക്കേണ്ടതും തുക ചെലവഴിക്കേണ്ടതുമാണ്.

5. തെരുവു വിളക്കുകളുടെ റിപ്പയറും പരിപാലനവും നടത്തുന്നതിനായി പുറപ്പെടുവിച്ച സർക്കുലർ നം.3055/ഡി.എ3/2011/തസ്വഭവ. തിയതി 15.9.2011 ലെ മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

6. Government e-Marketplace (GeM) മുഖേനയുള്ള വാങ്ങൽ നിർബന്ധമാക്കിയിട്ടുള്ള സാഹചര്യത്തിൽ 25000 രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾ ജെം മുഖേന നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. ജെമ്മിൽ നിലവിലില്ലാത്ത സാധനങ്ങൾ മറ്റ് രീതിയിൽ വാങ്ങാവുന്നതാണ്.

7. സ്പെസിഫിക്കേഷനിൽ വാറണ്ടി കാലയളവ് കൃത്യമായി പ്രതിപാദിക്കേണ്ടതും ആയതനുസരിച്ചുള്ള തുടർ സേവനം ഉറപ്പാക്കേണ്ടതുമാണ്. എഗ്രിമെന്റിൽ വാറണ്ടി ഉൾപ്പെടെയുള്ള എല്ലാ വ്യവസ്ഥകളും ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. മേൽ വിഷയം ഓഡിറ്റ് അന്വേഷണം നം. 19/25-11-2019 മുഖേനയും 26-11-2019 ലെ എക്സിറ്റ് മീറ്റിംഗിലും അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-19 തൊഴിൽ രഹിത വേതനം - സാക്ഷ്യപത്രം പ്രകാരമുള്ള വരുമാനം ഉറപ്പാക്കേണ്ടതാണ്

ഓഡിറ്റ് വർഷത്തിൽ സെക്രട്ടറിയുടെ ബിൽബുക്ക പ്രകാരം 2 തവണകളായി തൊഴിൽ രഹിത വേതനം ട്രഷറിയിൽ നിന്നും പിൻവലിച്ച് വിതരണം ചെയ്തിട്ടുണ്ട്. രണ്ടു ഘട്ടങ്ങളിലായി പിൻവലിച്ച തുക, ചെലവഴിച്ച തുക, കൈപ്പറ്റിയവരുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ട്രഷറി ബിൽ നം./തിയ്യതി | 6/18-7- | 34/13-03- |
| --- | --- | --- |

| | 2018 | 2019 |
|---|---|---|
| പിൻ വലിച്ച തുക | 118560 | 144000 |
| യഥാർത്ഥത്തിൽ ചെലവഴിച്ച തുക | 105600 | 98160 |
| വിതരണം ചെയ്യാതെ തിരിച്ചടച്ച തുക | 12960 | 12600 |
| തിരിച്ചടച്ച തുകയുടെ വൗച്ചർ നം.തിയ്യതി (ബിൽ രജിസ്റ്റർ പ്രകാരം) | 316/31-7-2018 | 1070/25-3-2019 |

വേതനം കൈപ്പറ്റിയവരിൽ നിന്നുള്ള സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് 2 ഘട്ടങ്ങളിലും വേതനം വിതരണം ചെയ്തിട്ടുള്ളത്. തുക അനർഹമായി കൈപ്പറ്റിയെന്ന് പിന്നീട് തെളിഞ്ഞാൽ റവന്യൂ റിക്കവറി പ്രകാരം തിരികെ ഈടാക്കാവുന്നതാണെന്ന് സാക്ഷ്യപത്രത്തിൽ സൂചിപ്പിച്ചിട്ടുണ്ട്.

1998 ലെ തൊഴിൽ രഹിത വേതന ചട്ടങ്ങളിലെ ചട്ടം 6(i) പ്രകാരം അപേക്ഷകന്റെ തദ്ദേശഭരണാധികാരിക്ക് യുക്തമെന്ന് തോന്നുകയാണെങ്കിൽ വില്ലേജ് ഓഫീസറിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് ആവശ്യപ്പെടാവുന്നതാണ്. ഗുണഭോക്താക്കൾ ഹാജരാക്കിയ സാക്ഷ്യപത്രത്തിന്റെ നിജസ്ഥിതി പരിശോധിക്കുവാൻ വില്ലേജ് ഓഫീസറിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ ഏതെങ്കിൽ ഘട്ടത്തിൽ ആവശ്യപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ മറുപടിയിൽ (നം.12, തീയതി - 23-11-2019) വില്ലേജ് ഓഫീസിൽ നിന്നുമുള്ള വരുമാന സർട്ടിഫിക്കറ്റ് വാങ്ങി സൂക്ഷിച്ചിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്.

തൊഴിൽ രഹിത വേതന പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിലുള്ള സർക്കാർ ഉത്തരവുകൾ താഴെ ചേർക്കുന്നു.

1. സ.ഉ(പി)നം.23/98/തൊഴിൽ, തിയ്യതി - 28-05-1998 – തൊഴിൽ രഹിത വേതന ചട്ടങ്ങൾ

2. സ.ഉ(പി)നം.1164/2005/തൊഴിൽ, തിയ്യതി - 28-06-2005 – ചട്ടം 13 ലെ ഭേദഗതി ഉത്തരവ്

3. സ.ഉ(പി)നം.32/2006/തൊഴിൽ, തിയ്യതി - 4-05-2006 - ചട്ടം 13 ലെ ഭേദഗതി ഉത്തരവിനുള്ള വിശദീകരണം.

4. സ.ഉ(പി)നം.169/2009/തൊഴിൽ, തിയ്യതി - 13-12-2009 ചട്ടം 11 ലെ ഭേദഗതി ഉത്തരവ്

5. സ.ഉ (അച്ചടി)139/2019/ധന, തിയ്യതി - 15-10-2019

മേൽ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പ്രകാരം തുടർ ഘട്ടങ്ങളിൽ തൊഴിൽ രഹിത വേതനം വിതരണം ചെയ്യുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# 1-20 സാമൂഹ്യക്ഷേമ പെൻഷൻ അപേക്ഷകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ

2018-19 വർഷത്തിൽ ലഭ്യമായ പെൻഷൻ അപേക്ഷകൾ, അവയിൽ പെൻഷൻ അനുവദിക്കുന്നതിനും നിരസിക്കുന്നതിനും തീരുമാനിച്ചവ മുതലായവയുടെ കൃത്യത, സമയക്രമം

എന്നിവ പരിശോധിക്കുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടിരുന്നത്. പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. വാർദ്ധക്യകാല പെൻഷൻ

അന്വേഷണ ഉദ്യോഗസ്ഥനായ വി.ഇ.ഒ യുടെ റിപ്പോർട്ട് പ്രകാരം സാമ്പത്തിക ഭദ്രതയുള്ള കുടുംബമാണെന്ന് രേഖപ്പെടുത്തിയ അപേക്ഷകളിന്മേൽ കൃത്യമായ തുടർ അന്വേഷണം നടത്താതെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അംഗീകരിച്ചിട്ടുള്ളതായി കണ്ടെത്തി.

ഉദാ. ശ്രീമതി. ഓമന.കെ, ചല്ലിപ്പറമ്പ്, ശ്രീ. രാജൻ.വി, ചല്ലിപ്പറമ്പ് എന്നിവരുടെ അപേക്ഷയിന്മേലുള്ള അന്വേഷണ റിപ്പോർട്ടിന്മേൽ തുടർ അന്വേഷണം നടത്തിയതായി കാണുന്നില്ല.

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 12-12-2018 ലെ തീരുമാനം നം. 1

25-11-2019 – ലെ ഓഡിറ്റ് അന്വേഷണം നം.18 (1) ന്റെ മറുപടിയിൽ പ്രാദേശിക അന്വേഷണത്തിന്റെയും വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റ് ബോധ്യപ്പെട്ടതിനാലാണ് അനുവദിച്ചിട്ടുള്ളത് എന്ന് അറിയിച്ചിട്ടുണ്ട്. അത്തരത്തിൽ അന്വേഷണം നടത്തിയതിന്റെ യാതൊരു വിശദാംശങ്ങളും സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

2. കർഷക തൊഴിലാളി പെൻഷൻ

അന്വേഷണ ഉദ്യോഗസ്ഥനായ കൃഷി അസിസ്റ്റന്റിന്റെ അന്വേഷണ റിപ്പോർട്ടിൽ ആധാർ, തിരിച്ചറിയൽ കാർഡ് എന്നിവ പ്രകാരം 60 വയസ്സ് പൂർത്തിയായിട്ടില്ല, അനുവദിക്കാവുന്നതല്ല എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൃത്യമായ തുടർ അന്വേഷണം നടത്താതെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അംഗീകരിച്ചിട്ടുള്ളതായി കണ്ടെത്തി.

ഉദാ. ശ്രീമതി.സി.ദേവകി, പടിഞ്ഞാമുറി.

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 8-11-2018 ലെ തീരുമാനം നം. 8

25-11-2019 – ലെ ഓഡിറ്റ് അന്വേഷണം നം.18(2) ന്റെ മറുപടിയിൽ അഗ്രികൾച്ചർ വെൽഫെയർ ഫണ്ട് ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെയും റേഷൻകാർഡിന്റെയും അടിസ്ഥാനത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റ് ബോധ്യപ്പെട്ടതിനാലാണ് അനുവദിച്ചിട്ടുള്ളത് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിന്മേൽ അത്തരത്തിൽ ഒരു തുടർ അന്വേഷണം നടത്തിയതിന്റെ യാതൊരു വിശദാംശങ്ങളും സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

ധനകാര്യ വകുപ്പിന്റെ സർക്കുലർ നം.എഫ്.സി-ബി2/47/2017/ധന തീയതി-13-04-2018 പ്രകാരം, അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിന്മേൽ പഞ്ചായത്ത് കമ്മിറ്റി വിയോജിച്ചാൽ സ്വീകരിക്കേണ്ട നടപടി - അപേക്ഷ പുനരന്വേഷണത്തിന് വിധേയമാക്കേണ്ടതും വികസനകാര്യ സ്ററാറാന്റിംഗ് കമ്മിറ്റി ചെയർമാൻ, സെക്രട്ടറി, പ്രദേശിക സർക്കാരിലെ മറ്റൊരു ഗസറ്റഡ് ഉദ്യോഗസ്ഥൻ എന്നിവരുടെ സമിതി അപേക്ഷയിൽ പുനരന്വേഷണം നടത്തേണ്ടതും പുതിയ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തീരുമാനം എടുക്കേണ്ടതുമാണ്. തുടർ അപേക്ഷകളിൽ ഇത്തരത്തിൽ പുനർ അന്വേഷണം ആവശ്യമായവയുടെ കാര്യത്തിൽ മേൽ

സർക്കുലർ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നതിൽ സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ കൂടി കണക്കിലെടുക്കേണ്ടതാണ്.

# 1-21 വാഹന ഉപയോഗത്തിൽ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

പഞ്ചായത്തിന്റെ ആവശ്യങ്ങൾക്കായി ഉപയോഗിച്ച് വരുന്ന വാഹനത്തിന്റെ വിവരം താഴെ ചേർക്കുന്നു.

ജീപ്പ് – KL-49-3745 – Maheendra Bolero

ജി.ഒ(എം.എസ്)നം.170/07/ത.സ്വ.ഭ.വ തിയതി 30-06-2007 പ്രകാരം പഞ്ചായത്ത് വാഹനങ്ങളുടെ കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറി താഴെ പറയുന്ന രജിസ്റ്ററുകളും റെക്കോഡുകളും സൂക്ഷിക്കേണ്ടതാണ്.

1. ലോഗ് ബുക്ക്.

2. പെട്രോൾ/ഡീസൽ/ഗ്യാസ്/ഓയിൽ മുതലായവയ്ക്കുള്ള ഓർഡർ ബുക്ക്.

3. റിപ്പയർ രജിസ്റ്റർ.

4. ഇന്ധനത്തിന്റെയും എണ്ണയുടെയും ഉപയോഗം കാണിക്കുന്ന ഫ്യൂവൽ രജിസ്റ്റർ.

5. സ്റ്റോക്ക് രജിസ്റ്റർ.

രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

<u>1. ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തുന്നില്ല</u>

ആറു മാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റേയും ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് ക്ഷമതയുള്ള ഉദ്യോഗസ്ഥനെ കൊണ്ട് നടത്തി ഇന്ധന ഉപയോഗത്തെ സംബന്ധിച്ച് ഒരു സർട്ടിഫിക്കറ്റ് ആ ഉദ്യോഗസ്ഥൻ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. അത്തരത്തിൽ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തുന്നില്ല.

2018-19 വർഷത്തിൽ ലോഗ് ബുക്ക്, വൗച്ചറുകൾ എന്നിവയുടെ പരിശോധനയിൽ വാഹനത്തിന്റെ മൈലേജ് 12 കിലോമീറ്റർ ഉള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട്. വർഷങ്ങളായി ഇന്ധനക്ഷമതാ ടെസ്റ്റ് നടത്താത്തതിനാൽ ഇന്ധന ക്ഷമതയുടെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല.

<u>2. ലോഗ് ബുക്കിന്റെ സൂക്ഷിപ്പ്</u>

ലോഗ്ബുക്കിന്റെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്.

<u>3. റിപ്പയർ രജിസ്റ്റർ</u>

ജീപ്പിന്റെ റിപ്പയറിനായി ആകെ 83141 രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. റിപ്പയർ രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. റിപ്പയറിംഗിന്റെ ബില്ലുകൾ പ്രകാരമുള്ള വിശദാംശങ്ങൾ റിപ്പയർ രജിസ്റ്ററിൽ എഴുതി കാലികമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>4. ഗാരേജ്</u>

വാഹനങ്ങൾ സൂക്ഷിക്കുന്നതിനായി ഒരു ഗാരേജ് ഉണ്ടാകേണ്ടതും വാഹനം ആയതിൽ സൂക്ഷിക്കേണ്ടതുമാണ്. കസ്റ്റോഡിയൻ ഓഫീസർ വാഹനത്തിന്റെ സുരക്ഷിതത്വം ഉറപ്പാക്കേണ്ടതുമാണ്. എന്നാൽ കണ്ണമ്പ്ര ഗ്രാമപഞ്ചായത്ത് ഓഫീസിനോട് ചേർന്ന് ഗാരേജ് നിലവില്ലാത്തതിനാൽ വാഹനം മറ്റൊരു സ്ഥലത്താണ് സൂക്ഷിക്കുന്നതെന്ന് അധികാരികൾ അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ആവശ്യമായ ഗാരേജ് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>5. മറ്റ് രേഖകൾ</u>

31-3-2006 ലെ ജി.ഒ.(പി)നം.161/2006/ഫിൻ ഉത്തരവ് പ്രകാരം വാഹനത്തിന്റെ എല്ലാ വിശദാംശങ്ങളും രേഖപ്പെടുത്തുന്നതിന് ഒരു വെഹിക്കിൾ ഹിസ്റ്ററി ബുക്ക് സൂക്ഷിക്കേണ്ടതുണ്ട്. ആയത് സൂക്ഷിക്കുന്നില്ല.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരമുള്ള രേഖകളും രജിസ്റ്ററുകളും കൃത്യമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

2. ഇന്ധനക്ഷമതാ ടെസ്റ്റ് നിശ്ചിത കാലയളവിൽ നടത്തുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

3. വാഹനം സുരക്ഷിതമായി സൂക്ഷിക്കുന്നതിന് ഗാരേജ് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വഷണം നം. 17, തിയ്യതി - 25-11-2019)

# 1-22 പെർഫോമൻസ് ഇൻസെന്റീവ് ഗ്രാന്റിനത്തിൽ ലഭ്യമായ 188917/-രൂപ വിനിയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

സാമ്പത്തിക വർഷം വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കേണ്ടിയിരുന്ന വ്യക്തിഗത ഗാർഹിക കക്കൂസ് നിർമ്മാണം എന്ന പദ്ധതി (പ്രൊജക്ട് നം - 181/19) നിർവ്വഹിച്ചിട്ടില്ല. മേൽ പദ്ധതിക്കായി പെർഫോമൻസ് ഇൻസെന്റീവ് ഗ്രാന്റിനത്തിൽ ലഭ്യമായ188917 /-രൂപ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ വിനിയോഗിക്കാതെ അവശേഷിക്കുന്നു. ആയതിന് നിർവ്വണോദ്യോഗസ്ഥ സമർപ്പിച്ച വിശദീകരണം ചുവടെ ചേർക്കുന്നു. ഗ്രാമസഭ അംഗീകരിച്ച 70ഗുണഭോക്താക്കളുടെ ലിസ്റ്റാണ് നിലവിൽ ഗാർഹിക കക്കൂസ് നിർമ്മാണത്തിനുള്ളത്. ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിക്കുന്നതിന് ലഭ്യമായ തുക അപര്യാപ്തമായതിനാലാണ് പദ്ധതി നടപ്പിലാക്കാതെയിരുന്നത്. 2019-20 വർഷം പദ്ധതി നടത്തിപ്പിനായി 8,40,000/-രൂപ ശുചിത്വ മിഷനിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ട്. തുക ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നിർവ്വഹിക്കുന്നതാണ്.
(ഓഡിറ്റ് അന്വേഷണം നം- 3/21.11.19)

സർക്കാർ ഉത്തരവ് (സാധാ) നം. 1951/2019/ ത.സ്വ.ഭ.വ തീയതി 6/09/2019 പ്രകാരം ഗാർഹിക കക്കൂസ് നിർമ്മാണത്തിനുള്ള15400/-രൂപയിൽ ലഭ്യമായ സ്വച്ഛ് ഭാരത് മിഷൻ ഫണ്ടിൽ നിന്നും

കേന്ദ്ര – സംസ്ഥാന സർക്കാർ വിഹിതമായ 12000/-രൂപ (7200 + 4800) അനുവദിക്കാവുന്നതാണ്. ബാക്കി ഗുണഭോക്തൃ വിഹിതമായ 3400/- രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത്/ പ്ലാൻ ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. സ്വച്ഛ് ഭാരത് മിഷൻ ഫണ്ട് ലഭ്യമാകുവാൻ കാലതാമസം ഉണ്ടാവുകയാണെങ്കിൽ ലഭ്യമായ പെർഫോമൻസ് ഇൻസെന്റീവ് ഗ്രാന്റിനത്തിൽ നിന്നും കേന്ദ്ര – സംസ്ഥാന സർക്കാർ വിഹിതമായ 12000/-രൂപ (7200 + 4800) അനുവദിക്കാവുന്നതാണ്.

പെർഫോമൻസ് ഇൻസെന്റീവ് ഗ്രാന്റിനത്തിൽ ലഭ്യമായ 464760/-രൂപ സമയബന്ധിതമായി വിനിയോഗിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-23 വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ പേർക്കുള്ള TSB അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതാണ്

വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ പേർക്കുള്ള TSB അക്കൗണ്ടുകൾ ഇപ്പോഴും നിലനിർത്തിക്കാണുന്നു. സ.ഉ (പി)നം. 62/2018/ഫിൻ തീയതി 16.04.18 പ്രകാരം 2018-19 സാമ്പത്തിക വർഷം മുതൽ പ്ലാൻ ഫണ്ടിന് ഒരു പ്ലാൻ സ്കീം ട്രഷറി സേവിങ്ങ്സ് ബാങ്ക് (PSTSB) അക്കൗണ്ട് മാത്രമാണ് നിലനിർത്താവുന്നത്. മറ്റ് STSB , ബാങ്ക് അക്കൗണ്ടുകളിലേക്ക് തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുവാൻ പാടുള്ളതല്ല. ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ രീതിയാണ് അവലംബിക്കാവുന്നത്. ചെലവഴിക്കാത്ത തുക PSTSB അക്കൗണ്ടിന്റെ അധികാരിയുടെ അപേക്ഷയിന്മേൽ സ.ഉ(പി)നം.86/2018/ഫിൻ തീയതി 17.08.2018 പ്രകാരം ബന്ധപ്പെട്ട ട്രഷറി ഓഫീസർ തിരിച്ചടക്കേണ്ടതാണ്. പ്ലാൻ ഫണ്ടിന്റെ താല്ക്കാലിക വിനിയോഗത്തിനായുള്ള ഈ അക്കൗണ്ടിൽ സാമ്പത്തിക വർഷത്തിനപ്പുറം തുക നിലനിർത്തുന്നതല്ല. സ.ഉ(പി)നം.53/2018/ഫിൻ തീയതി 16.08.2018 പ്രകാരം ധനകാര്യ വകുപ്പിന്റെ പ്രത്യേക അനുമതിയില്ലാതെ പ്ലാൻ സ്കീം തുക ഓഫീസിന്റെയോ, നിർവ്വഹണോദ്യോഗസ്ഥന്റെയോ പേരിലുള്ള ട്രഷറി/ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റരുത്.

ഐ.സി.ഡി.എസ് സൂപ്പർവൈസർ, വി.ഇ.ഒ എന്നീ നിർവ്വഹണോദ്യോഗസ്ഥരുടെ പേർക്കുള്ള ടി.എസ്.ബി അക്കൗണ്ടുകളുടെ അപ്ഡേഷൻ നടത്തിയിട്ടില്ല. എല്ലാ നിർവ്വഹണോദ്യോഗസ്ഥരുടെയും പേർക്കുള്ള അക്കൗണ്ടുകളുടെ അപ്ഡേഷൻ നടത്തി നീക്കിയിരുപ്പ് കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ച് അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-24 മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണം, നിർവ്വഹണം - അവലോകനം

അസിസ്റ്റന്റ് എഞ്ചിനിയറുടെ 88 പ്രവൃത്തികളിൽ 46 എണ്ണത്തിന് മാത്രമാണ് തൻവർഷം തുക ചെലവഴിക്കുവാൻ സാധിച്ചിട്ടുള്ളത്. വകയിരുത്തിയ 3.29 കോടി രൂപയിൽ 1.62 കോടി രൂപയാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. ആകെ വകയിരുത്തിയ തുകയുടെ 49% മാത്രമാണ് ചെലവ്.

മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ പൊതു അപാകങ്ങൾ താഴെ ചേർക്കുന്നു.

എ. പ്രോജക്റ്റുകളുടെ വിവരം

തൻവർഷം പൂർത്തീകരിച്ച പ്രവൃത്തികളിൽ 16 എണ്ണവും സ്പിൽഓവർ പ്രവൃത്തികളാണ്. മാർച്ച് മാസത്തിൽ സമർപ്പിച്ച 17 ബില്ലുകൾ ക്യൂ ബില്ലുകളായി മാറുകയും ചെലവ് ശതമാനത്തെ ബാധിക്കുകയും ചെയ്തിട്ടുണ്ട്. 17 ബില്ലുകളിലായി ഉൾപ്പെട്ട ആകെ 56.45 ലക്ഷം രൂപ അടുത്ത വർഷത്തെ ചെലവിൽ ഉൾപ്പെടുകയും ചെയ്തിട്ടുണ്ട്.

സർക്കുലർ നം.ഡി.എ.1/26/2019/തസ്വഭവ തിയതി 25-01-2019 പ്രകാരം മറ്റ് വകുപ്പുകളെ അപേക്ഷിച്ച് എഞ്ചിനിയറിംഗ് പ്രോജക്റ്റുകളുടെ ചെലവ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കുറവായതിനാൽ നിർമ്മാണ പ്രവൃത്തികളുടെ ഓരോ ഘട്ടം തീരുന്ന മുറയ്ക്ക് പാർട്ട് ബിൽ അനുവദിക്കുന്ന രീതി അവലംബിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശം പാലിച്ചതായി കാണുന്നില്ല. ഭൂരിഭാഗം ബില്ലുകളും സാമ്പത്തിക വർഷാവസാനത്തിൽ ട്രഷറിയിൽ സമർപ്പിക്കുന്നതിനാൽ തുക മാറാതിരിക്കുവാനും ചെലവു ശതമാനം കുറയുവാനും ഇടയാക്കുന്ന സാഹചര്യം വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തിയിട്ടില്ല.

ബി. ശരിയായ വിലയിരുത്തൽ നടത്താതെ പൂർത്തീകരണ കാലാവധി അനുവദിക്കുന്നു

വിവിധ പ്രവൃത്തികളുടെ സാങ്കേതികാനുമതി രേഖ പരിശോധിച്ചതിൽ ഭൂരിഭാഗം പ്രവൃത്തികൾക്കും ശരാശരി 10 മാസം വരെ പൂർത്തീകരണ കാലാവധി അനുവദിച്ചു നൽകിയതായി കണ്ടെത്തി. ഓരോ പ്രവൃത്തിക്കും ആവശ്യമായ യഥാർത്ഥ കാലാവധി എത്രയെന്ന് മുൻകൂട്ടി വിലയിരുത്തി ആയത് അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. കാലാവധി അനാവശ്യമായ നീട്ടി നൽകുന്നതിനാൽ സ്പിൽ ഓവർ പ്രവൃത്തികളുടെ എണ്ണം വർദ്ധിക്കുന്ന സാഹചര്യം ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

സി. രേഖകളുടെ സൂക്ഷിപ്പ്

പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുമ്പോൾ ഈടാക്കുന്ന പിഴ ഉൾപ്പെടുന്ന എഗ്രിമെന്റ് വ്യവസ്ഥകൾ ഉൾപ്പെടെയുള്ള പല വ്യവസ്ഥകളും കാലഹരണപ്പെട്ടിട്ടും എഗ്രിമെന്റ് ഫോറം പുതുക്കിയിട്ടില്ല. പല എഗ്രിമെന്റുകളിലും പൂർത്തീകരണ തിയതി രേഖപ്പെടുത്തുവാൻ ശ്രദ്ധിച്ചിട്ടില്ല.

റോഡ് കണക്റ്റിവിറ്റി മാപ്പ്, ആസ്തി രജിസ്റ്റർ എന്നിവ പൂർത്തീകരിക്കാതെയാണ് പദ്ധതി ആസൂത്രണം നടത്തുന്നത്.

ഡി. മെയിന്റനൻസ് പ്ലാൻ

പദ്ധതി മാർഗ്ഗരേഖ പ്രകാരം മെയ്റ്റനൻസ് പ്ലാൻ തയ്യാറാക്കി ആയതിനനുസരിച്ച് മെയിന്റനൻസ് പ്രവൃത്തികൾ നടത്തുവാൻ ശ്രദ്ധിച്ചിട്ടില്ല. റോഡിതര ഫണ്ടിൽ നിന്നും തുക ചെലവഴിക്കുവാൻ അംഗീകാരം ലഭിച്ച താഴെ പറയുന്ന പ്രവൃത്തികൾ തൻവർഷം നടപ്പാക്കിയിട്ടില്ല.

1. 69/19-അങ്കണവാടികളുടെ പുനരുദ്ധാരണം - 483000

2. 70/19-വടക്കുമുറി അങ്കണവാടി പുനരുദ്ധാരണം -25000

3. 74/19-വാളുവെച്ചപാറ അങ്കണവാടി ചുറ്റുമതിൽ - 100000

4. 76/19-കൊളയക്കാട് ഹെൽത്ത് സെന്റർ പുനരുദ്ധാരണം - 300000

5. 78/19-ചിറ ഹെൽത്ത് സെന്റർ പുനരുദ്ധാരണം - 300000

ചുമതലയിലുള്ള സ്ഥാപനങ്ങളുടെ സംരക്ഷണത്തിനായി ലഭ്യമാകുന്ന ഫണ്ടുകൾ സമയബന്ധിതമായി ചെലവഴിക്കുന്നുണ്ടെന്ന് ഉറപ്പാക്കിയിട്ടില്ല.

ഇ. ഓഡിറ്റ് നിർദ്ദേശം

1. സാമ്പത്തിക വർഷാവസാനത്തിൽ കൂടുതൽ ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്. പാർട്ട് ബില്ലുകൾ അനുവദിച്ച് ചെലവ് ശതമാനം വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമം ഉണ്ടാകേണ്ടതാണ്.
2. പദ്ധതികളുടെ ആസൂത്രണത്തിനാവശ്യമായ റോഡ് കണക്ടിവിറ്റി മാപ്പ്, ആസ്തി രജിസ്റ്റർ എന്നീ അടിസ്ഥാന രേഖകൾ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.
3. പ്രവൃത്തി പൂർത്തീകരണത്തിന് യഥാർത്ഥത്തിൽ ആവശ്യമായ കാലാവധി മാത്രം അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
4. എഗ്രിമെന്റ് വ്യവസ്ഥകൾ PWD മാന്വൽ അനുസരിച്ച് പുതുക്കേണ്ടതാണ്.
5. ചുമതലയിലുള്ള സ്ഥാപനങ്ങളുടെ സംരക്ഷണത്തിനായി ലഭ്യമാകുന്ന ഫണ്ടുകൾ സമയബന്ധിതമായി ചെലവഴിക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാൻ മെയിന്റനൻസ് പ്ലാൻ തയ്യാറാക്കേണ്ടതും മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമാക്കേണ്ടതുമാണ്.
6. മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണം, നിർവ്വഹണം, രേഖകളുടെ സൂക്ഷിപ്പ് എന്നിവ കാര്യക്ഷമമാക്കുന്നതിനുള്ള തുടർനടപടികൾ ഉണ്ടാകുവാൻ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ശക്തമാക്കേണ്ടതാണ്.
   ഓഡിറ്റ് അന്വേഷണം നം. 5/21-11-2019 നുള്ള മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ജീവനക്കാരുടെ കുറവ് പദ്ധതി പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്.
   തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-25 മരാമത്ത് പ്രവൃത്തിയുടെ കരാറുകാരൻ കരാറുടമ്പടി വെക്കുവാൻ കാലതാമസം വരുത്തിയിട്ടും നിയമാനുസൃത പിഴ ഈടാക്കിയില്ല

സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ വകുപ്പ് 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം മുതൽ 10

ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ഈടാക്കേണ്ടതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിൽ കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾ ക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ കരാറുകാർ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കുകയോ മാന്വൽ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | സെലക്ഷൻ നോട്ടീസ് തിയതി | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | എഗ്രിമെന്റ് വെച്ച തിയതി, നം. | ഈടാക്കേണ്ടിയിരുന്ന പിഴ (1%) |
|---|---|---|---|---|---|
| 1 | 33/19-ചേവക്കോട് കുടിവെള്ള പദ്ധതി<br>അടങ്കൽ - 456000<br>ടെണ്ടർ തുക - 456000<br>കരാറുകാരൻ - ശ്രീ.എൻ.ഹക്കീം<br>എഗ്രിമെന്റ് നം.:31/31-8-2018<br>അളവു പുസ്തകം - 348/18-19 | 2-8-2018 | 16-8-2018 | 31-8-2018 | 4560 |
| | കുറിപ്പ്:ഫൈൻ ഈടാക്കാതെ എഗ്രിമെന്റ് വെച്ചു. പ്രവൃത്തി തൻവർഷം പൂർത്തീകരിച്ചിട്ടില്ല. | | | | |
| 2 | 126/19-വല്യപ്പറമ്പ് കുടിവെള്ള പദ്ധതി<br>അടങ്കൽ - 200000<br>ടെണ്ടർ തുക - 200000<br>കരാറുകാരൻ - ശ്രീ.എൻ.ഹക്കീം<br>എഗ്രിമെന്റ് നം.:32/31-8-2018<br>അളവു പുസ്തകം - 454/18-19 | 2-8-2018 | 16-8-2018 | 31-8-2018 | 2000 |
| | കുറിപ്പ്: ഫൈൻ ഈടാക്കാതെ എഗ്രിമെന്റ് വെച്ചു. പ്രവൃത്തി തൻവർഷം പൂർത്തീകരിച്ചിട്ടില്ല. | | | | |
| 3 | 37/19-പുത്തൂർ SC കോളനി റോഡ് നവീകരണം | 2-8-2018 | 16-8-2018 | 5-9-2018 | 2750 |

| | | | | | |
|---|---|---|---|---|---|
| | അടങ്കൽ - 275000<br><br>ടെണ്ടർ തുക - 275000<br><br>കരാറുകാരൻ - ശ്രീ.കെ.എം.ജോസ്<br><br>എഗ്രിമെന്റ് നം.:33/5-9-2018<br><br>അളവു പുസ്തകം - 454/18-19 | | | | |
| | കുറിപ്പ്: ഫൈൻ ഈടാക്കാതെ എഗ്രിമെന്റ് വെച്ചു. പ്രവൃത്തി നാളിതുവരെ ആരംഭിച്ചിട്ടില്ല. | | | | |
| ആകെ | | | | | 9310 |

ഈടാക്കുവാൻ വിട്ടുപോയ തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണം നം. 7/21-11-2019 നുള്ള മറുപടിയിൽ അസി. എഞ്ചിനിയർ അറിയിച്ചിട്ടുണ്ട്.

തുക കരാറുകാരിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

സമയബന്ധിതമായി എഗ്രിമെന്റ് വെക്കാത്ത കരാറുകാർക്കെതിരെ PWD മാന്വൽ പ്രകാരമുള്ള മറ്റ് നടപടികളും സ്വീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-26 മരുതക്കുന്ന് റോഡ് നവീകരണം- സ്ഥലലഭ്യത ഉറപ്പാക്കാതെ പ്രവൃത്തി ആരംഭിച്ചതിനാൽ നിർമ്മാണം പൂർത്തീകരിച്ചില്ല

പ്രൊ.നം. 5/19-മരുതക്കുന്ന് റോഡ് നവീകരണം

അടങ്കൽ - 400000 (CFC)

കരാറുകാരൻ - ശ്രീ.കെ.അരവിന്ദാക്ഷൻ

എഗ്രിമെന്റ് നം. 12/8-8-2018

അളവു പുസ്തകം നം. 171/18-19

ബിൽ നം. 34/26-12-18 - 272242

80 മീറ്റർ നീളത്തിലും 3 മീറ്റർ വീതിയിലും 1:2:4 അനുപാതത്തിൽ 40mm കോൺക്രീറ്റ് ചെയ്യുവാനാണ് ലക്ഷ്യമിട്ടിരുന്നത്. കൂടാതെ 10 മീറ്റർ നീളത്തിലും 2.8മീ ഉയരത്തിൽ കരിങ്കൽ കെട്ട്, ക്വാറി മക്ക് ഫില്ലിംഗ് എന്നിവയും ലക്ഷ്യമിട്ടിരുന്നു. 2018-19 വർഷത്തിൽ കോൺക്രീറ്റ് പ്രവൃത്തികൾ

നിർവ്വഹിച്ചിട്ടുണ്ടെങ്കിലും മറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. 22-12-2018 ന് ശേഷം തുടർ പ്രവൃത്തികൾ നടന്നിട്ടില്ല.

2019-20 വർഷത്തിൽ സ്പിൽ ഓവറായി അംഗീകാരം ലഭ്യമായിട്ടുണ്ടെങ്കിലും (പ്രൊ.നം.146/19 - 127758- CFC) ഓഡിറ്റ് തിയതി വരെയും തുടർ പ്രവർത്തനങ്ങൾ ആരംഭിക്കാത്തിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 8(3)/21-11-2019 നമ്പർ മറുപടിയിൽ റോഡിന്റെ ഒരു ഭാഗത്ത് കരിങ്കൽ കെട്ട് ഉദ്ദേശിച്ചെങ്കിലും ആ ഭാഗത്തെ സ്ഥല ഉടമകൾ സ്ഥലം വിട്ടു തരുന്നതിലെ തർക്കം നിലനിൽക്കുന്നതായി അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് മെമ്പർ പ്രശ്നം മധ്യസ്ഥതയിലൂടെ പരിഹരിക്കാം എന്ന് പറഞ്ഞതിനാലാണ് പ്രവൃത്തി ഉപേക്ഷിക്കാതിരുന്നത് എന്നും അറിയിച്ചിട്ടുണ്ട്.

മരാമത്ത് പ്രവൃത്തികൾ ആസൂത്രണം ചെയ്യുന്നതിനുമുമ്പായി സ്ഥലലഭ്യത പൂർണ്ണമായും ഉറപ്പാക്കേണ്ടതും മുൻഗണനാക്രമം നിശ്ചയിക്കേണ്ടതുമാണ്.

പ്രവൃത്തിയുടെ പൂർത്തീകരണം ഉറപ്പാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-27 കൊന്നഞ്ചേരി കുന്നുങ്കാട് കുടിവെള്ള പദ്ധതി - പഴയ മോട്ടോർ പഞ്ചായത്തിലേക്ക് കൈമാറിയില്ല

167/18 -കൊന്നഞ്ചേരി കുന്നുങ്കാട് കുടിവെള്ള പദ്ധതി

അടങ്കൽ - 350000

കരാറുകാരൻ - ശ്രീ.എൻ.ഹക്കീം

എഗ്രിമെന്റ് നം.:53/7-3-2018

അളവു പുസ്തകം - 251/18

ചെലവ് - 347530 (ബിൽ നം. 30/13-12-18)

നിലവിലുള്ള കുഴൽ കിണറിൽ വെള്ളം കുറവായതിനാൽ പ്രദേശത്ത് ഒരു പുതിയ കുഴൽ കിണർ കുഴിക്കുവാനും നിലവിലുള്ള മോട്ടോർ കേടുപാടുകൾ സംഭവിച്ചതിനാൽ പുതിയ 7.5 HP മോട്ടോർ വാങ്ങി സ്ഥാപിച്ച് കുടിവെള്ള പദ്ധതി പുനരുജ്ജീവിപ്പിക്കുവാനാണ് പ്രോജക്റ്റ് ആവിഷ്കരിച്ചിട്ടുള്ളത്. രേഖകളുടെ പരിശോധനയിൽ കുഴൽ കിണർ കുഴിക്കുകയും പുതിയ മോട്ടോർ സ്ഥാപിക്കുകയും ചെയ്തതായി ബോധ്യപ്പെട്ടിട്ടുണ്ട്. നിലവിലുണ്ടായിരുന്ന മോട്ടോർ അഴിച്ചു മാറ്റിയതിന്റെ വിവരം അളവു പുസ്തകത്തിൽ രേഖപ്പെടുത്തി അസി. എഞ്ചിനിയർ സാക്ഷ്യപ്പെടുത്തിട്ടില്ല. ആയത് പഞ്ചായത്തിൽ തിരികെ ഏൽപ്പിച്ചതിനോ കയ്യൊഴിച്ചതിനോ രേഖകളില്ല.

പഴയ മോട്ടോറിന്റെ നിലവിലെ സ്ഥിതി അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം.8(2)/21-11-2019 നമ്പർ മറുപടിയിൽ മോട്ടോർ നിലവിൽ കുടിവെള്ള പദ്ധതി കമ്മിറ്റിക്കാരുടെ കസ്റ്റഡിയിൽ ഉണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

പഴയ മോട്ടോർ റിപ്പയർ ചെയ്ത് പുനരുപയോഗിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്. അല്ലാത്തപക്ഷം രേഖാമൂലം പഞ്ചായത്തിന് തിരികെ ഏൽപ്പിക്കേണ്ടതും ലേലനടപടികൾ സ്വീകരിച്ച് ലഭ്യമാകുന്ന തുക തനത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതുമാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-28 ടാറിംഗ് പ്രവൃത്തികളിൽ ഷ്രെഡഡ് പ്ലാസ്റ്റിക്കിന്റെ ഉപയോഗം വർദ്ധിപ്പിക്കേണ്ടതാണ്

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ ഡിബി.3/4620/12/സിഇ/തസ്വഭവ തിയതി 22-02-2018 പ്രകാരം 2018-19 സാമ്പത്തിക വർഷം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടപ്പാക്കുന്ന 25% ടാറിംഗ് പ്രവൃത്തികളിലും ഷ്രെഡഡ് പ്ലാസ്റ്റിക്ക് കൂടി ഉൾപ്പെടുത്തി ടാറിംഗ് പ്രവൃത്തി നടത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ക്ലീൻ കേരള മിഷൻ മുഖേന ആവശ്യമായ ഷ്രെഡഡ് പ്ലാസ്റ്റിക് ലഭ്യമാകുന്നതാണെന്നും സർക്കുലറിൽ സൂചിപ്പിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശം പാലിച്ചിട്ടുണ്ടോ എന്നി വിലയിരുത്തിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിൽ 2018-19 ൽ മൂന്ന് റോഡ് ടാറിംഗ് പ്രവൃത്തികകളിൽ ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കുവാൻ ലക്ഷ്യമിടുകയും ഒരു പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ളതായി ഓഡിറ്റ് അന്വേഷണം നം.8(1)/21-11-2019 നുള്ള മറുപടിയിൽ അധികൃതർ അറിയിച്ചുണ്ട്. ആകെ 44.21Kg ഷ്രെഡഡ് പ്ലാസ്റ്റികം ഉപയോഗപ്പെടുത്തിയിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്.

റോഡ് ടാറിംഗിന് പരമാവധി പ്ലാസ്റ്റിക് ഉപയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-29 റോഡ് ടാറിംഗ് പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ടാർ ബാരലുകളുടെ വില കുറവു ചെയ്തില്ല

മരാമത്ത് പ്രവൃത്തികളിൽ നിയമാനുസൃതം ഈടാക്കേണ്ട തുകകൾ കൃത്യമായി ഈടാക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന്റെ ഭാഗമായി ടാറിംഗ് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചപ്പോൾ പഞ്ചായത്തിന് നഷ്ടമുണ്ടാകുന്ന വിധത്തിൽ തുക ഈടാക്കുവാൻ വിട്ടുപോയതായി കണ്ടെത്തി.

പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കുകൾ (with packed bitumin rates) അനുസരിച്ചുള്ള ഫൈനൽ ബില്ലിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനു ശേഷമാണ് കരാറുകാരന് തുക നൽകേണ്ടത്. എന്നാൽ താഴെ പറയുന്ന പ്രവൃത്തിയുടെ കരാറുകാരന്റെ ബില്ലിൽ നിന്നും ബാരൽ വില ഈടാക്കിയിട്ടില്ല. പിന്നീട് തുക ഈടാക്കിയതിനും രേഖകളില്ല.

| ക്രമ നം. | പ്രവൃത്തി, അളവു പുസ്തകം | ബിൽ നം., തിയതി<br>തുക (രൂപ) | ടാറിന്റെ ഇനം, ഉപയോഗിച്ച അളവ് (Kg) | ബാരലിന്റെ എണ്ണം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 68/18-<br>ചൂരക്കുന്ന് കുന്നംപുള്ള കൊട്ടിക്കളമ്പ് റോഡ് മെറ്റലിംഗ് & ടാറിംഗ്<br>അടങ്കൽ -930000<br>കരാറുകാരൻ - ശ്രീ.ബിജു.എം.മാത്യു<br>എഗ്രിമെന്റ് നം. 24/19-10-2017<br>അളവു പുസ്തകം നം.<br>245/17-18 | 16/26-7-2018-<br>929119<br>RS1- 179.58 | SS1 emulsion-555.05<br>VG 30 - 1385.63<br>(MB Page.25) | 0.89<br>3<br>8.8<br>12 rounded |
| | ബാരലിന്റെ വില - 12x281 = 3372 | | | |
| 2 | 19/19-<br>മഞ്ഞപ്ര തെക്കേത്തറ റോഡ് മെറ്റലിംഗ് & ടാറിംഗ്<br>അടങ്കൽ - 170000<br>കരാറുകാരൻ - ശ്രീ.ആർ.രാജാമണി<br>എഗ്രിമെന്റ് നം. 17/7-10-2017<br>അളവു പുസ്തകം നം. 146/16-17 | 19/25-7-2018-160058 രൂപ | RS1 - 76.58<br>SS1 emulsion-227.02<br>VG 30- 588.37<br>(MB Page.10) | 0.38<br>1.30<br>3.77<br>5 barrel |
| | ബാരലിന്റെ വില - 5x281 = 1405 | | | |
| 3 | 53/18-<br>പട്ടത്തറ ചങ്ങനം കണ്ടം റോഡ് മെറ്റലിംഗ് & ടാറിംഗ്<br>കരാറുകാരൻ - ശ്രീ.വി.ചന്ദ്രശേഖരൻ<br>അടങ്കൽ - 550000<br>എഗ്രിമെന്റ് നം. 29/21-10-2017<br>അളവു പുസ്തകം നം. 246/16-17 | 20/25-7-2018-549608 രൂപ | RS1 - 76.58<br>SS1 emulsion-462.84<br>VG 30- 149.74<br>(MB Page.8) | 0.75<br>2.55<br>7.365<br>10 barrel |
| | ബാരലിന്റെ വില - 10x281 = 2810 | | | |
| 4 | 53/18-<br>വാളുവെച്ചപാറ ചെങ്ങണാംകുന്ന് റോഡ് മെറ്റലിംഗ് & ടാറിംഗ്<br>കരാറുകാരൻ - ശ്രീ.ആർ. രാജാമണി<br>അടങ്കൽ - 1655000 | പ്രവൃത്തി മൂല്യം-1573682<br>46/28-2-2019 393711 രൂപ | RS1 – 939.13<br>SS1 emulsion-1855.3<br>VG 30- 7457.89<br>(MB Page.10) | 5.16<br>9.27<br>47.8<br>62 barrel |

| | | | | |
|---|---|---|---|---|
| | എഗ്രിമെന്റ് നം. 40/20-11-2017<br><br>അളവ് പുസ്തകം നം. 134/16-17 | | | |
| | ബാരലിന്റെ വില - 62x281 = 17422 | | | |
| ആകെ | | 25009 | | |

ബില്ലുകൾ തയ്യാറാക്കുന്നതിൽ എഞ്ചിനിയറിംഗ് വിഭാഗം കുറേക്കൂടി ജാഗ്രത പുലർത്തിയാൽ ഇത്തരം അപാകതകൾ ഒഴിവാക്കാവുന്നതാണെന്ന് വിലയിരുത്തുന്നു.

ഈടാക്കുവാൻ വിട്ടുപോയ തുക ഈടാക്കുന്നതിനായി കരാറുകാർക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് ഓഡിറ്റ് അന്വേഷണം നം. 6/21-11-2019 നുള്ള മറുപടിയിൽ അസി. എഞ്ചിനിയർ അറിയിച്ചിട്ടുണ്ട്. പ്രവൃത്തികൾക്കായി ഉപയോഗിച്ച 89 ബാരലുകളുടെ വില 25009/- രൂപ കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതും ആയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

# 1-30 കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി - പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് ചെലവിന്റെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

നിർവ്വഹണം – വെറ്ററിനറി സർജ്ജൻ
പ്രൊജക്ട് നമ്പർ - 23/18 -കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി

അടങ്കൽ - 150000 (വികസന ഫണ്ട് -ജനറൽ)

- 150000 (സംസ്ഥാനാവിഷ്കൃത ഫണ്ട്)

- 300000 (ഗുണഭോക്തൃ വിഹിതം)

ആകെ - 600000

മേൽ പദ്ധതിയിൽ 24 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി സാമ്പത്തിക വർഷം വികസന ഫണ്ടിൽ നിന്ന് താഴെ പറയും പ്രകാരം തുകകൾ അസി.ഡയറക്ടർ, Calf feed subsidy programme, പാലക്കാടിന് നൽകിയിട്ടുണ്ട്.

ബിൽ നം/തീയതി - തുക

4/29.12.18 - 131250 (21 x 6250)

9/14.03.19 - 18750 (3 x 6250)

മേൽ തുകകളുടെ വിനിയോഗ വിവരം, ഇതര ഫണ്ടുകളുടെ ലഭ്യത എന്നീ വിവരങ്ങൾ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം-4/21.11.19) നിർവ്വഹണോദ്യോഗസ്ഥൻ താഴെ പറയും പ്രകാരമാണ് മറുപടി സമർപ്പിച്ചിട്ടുള്ളത്.

പഞ്ചായത്ത് വിഹിതം കൂടാതെ പദ്ധതിക്കായി 150000/-രൂപ സംസ്ഥാനാവിഷ്കൃത ഫണ്ടും കൈമാറിയിട്ടുണ്ട്. ബാക്കി 50% ഗുണഭോക്തൃ വിഹിതം ഓരോ മാസവും കാലിത്തീറ്റ വിതരണം

ചെയ്യുന്ന സമയത്തുമാണ് ശേഖരിക്കുന്നത്. 2019/ഏപ്രിൽ മാസത്തിൽ ആരംഭിച്ച കാലിത്തീറ്റ വിതരണം 32 മാസമോ, സബ്സിഡി തുക തീരുന്നതു വരെയോ തുടരുന്നതാണ്. പദ്ധതി പ്രകാരമുള്ള കാലിത്തീറ്റ വിതരണം തുടർന്നു കൊണ്ടിരിക്കുന്നതിനാൽ വിനിയോഗ സാക്ഷ്യപത്രം ആയതിന് ശേഷം സമർപ്പിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് കൈമാറിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-31 പശു വളർത്തൽ പദ്ധതി - ഗുണഭോക്താക്കളുമായി കരാറിലേർപ്പെടേണ്ടതാണ്

നിർവ്വഹണം - വെറ്ററിനറി സർജ്ജൻ

പ്രൊജക്ട് നമ്പർ - 22/18 – പശു വളർത്തൽ പദ്ധതി

അടങ്കൽ - 990000 (വികസന ഫണ്ട് -ജനറൽ)

- 990000 (ഗുണഭോക്തൃ വിഹിതം)

മേൽ പദ്ധതി പ്രകാരം 28 ഗുണഭോക്താക്കൾക്ക് 27500/- സബ്സിഡി നിരക്കിൽ വികസന ഫണ്ടിൽ നിന്ന് 770000/-രൂപ ചെലവഴിച്ചിട്ടുണ്ട് . സബ്സിഡി മാർഗ്ഗരേഖ ജി.ഒ (എം.എസ്) 22/2018/ ത.സ്വ.ഭ.വ തീയതി 14.02.2018 ലെ നിർദ്ദേശ പ്രകാരം ഗുണഭോക്താക്കൾ ഉരുക്കളെ കുറഞ്ഞത് 3 വർഷമെങ്കിലും വളർത്തുമെന്ന കരാർ വ്യവസ്ഥ ഗുണഭോക്താക്കളുമായി വെക്കേണ്ടതാണ്. എന്നാൽ ഫയൽ പരിശോധിച്ചതിൽ ഗുണഭോക്താക്കളുമായി കരാർ വെച്ച് ആവശ്യമായ സ്റ്റാമ്പ് പേപ്പർ ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ആയതിൽ കരാർ വ്യവസ്ഥകൾ രേഖപ്പെടുത്തിയിട്ടില്ല. കരാർ വ്യവസ്ഥകൾ രേഖപ്പെടുത്തുന്നതാണെന്ന് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി സമർപ്പിച്ചിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം - നം- 4/21.11.19). സബ്സിഡി അനുവദിക്കുന്നതിനോടൊപ്പം കരാറിൽ കൃത്യമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ച് ഗുണഭോക്താക്കളുമായി സമയബന്ധിതമായി കരാറിലേർപ്പെടേണ്ടതാണ്.

# 1-32 പ്രൈമറി വിദ്യാർത്ഥികൾക്ക് പ്ലേറ്റ്, ഗ്ലാസ്സ് എന്നിവ നൽകൽ - ടെണ്ടർ സ്വീകരിച്ചതിനു ശേഷം സ്പെസിഫിക്കേഷനുകൾ നിശ്ചയിച്ചിട്ടുള്ളത് ഒഴിവാക്കേണ്ടതാണ്

നിർവ്വഹണം - ഹെഡ് മിസ്ട്രസ്സ്, ജി.യു.പി.എസ്, മഞ്ഞപ്ര

പ്രൊജക്ട് നം - 123/19 – പ്രൈമറി വിദ്യാർത്ഥികൾക്ക് പ്ലേറ്റ്, ഗ്ലാസ്സ് എന്നിവ നൽകൽ

അടങ്കൽ - 101500 (പ്ലാൻ - ജനറൽ)

ചെലവ് - 101481 (ബിൽ നം - 2/26.10.18)

ഗ്രാമപഞ്ചായത്തിലെ വിവിധ സ്കൂളുകളിലേക്ക് ഉച്ചഭക്ഷണത്തിന് വിദ്യാർത്ഥികൾക്ക് പ്ലേറ്റ്, ഗ്ലാസ്സ് എന്നിവ വാങ്ങുന്നതിനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. ഇതനുസരിച്ച് ചിത്തിര അസോസിയേറ്റ്സ്, തൃപ്പാളൂർ എന്ന സ്ഥാപനത്തിൽ നിന്ന് ഇൻവോയ്സ് നം. 023/3.10.2018 മുഖേന താഴെ പറയുന്ന സാമഗ്രികൾ പർച്ചേസ് ചെയ്തിട്ടുണ്ട്.

സ്റ്റീൽ പ്ലേറ്റ് - 1116 എണ്ണം @ 66.96 – 74727.36

സ്റ്റീൽ ഗ്ലാസ്സ് - 1186 എണ്ണം @ 13.39 – 15880.54

നികുതികൾ - 10872.94

ആകെ - 101481/-

പ്രസ്തുത പർച്ചേസിനായി അവലംബിച്ചിട്ടുള്ള ടെണ്ടർ നടപടിക്രമങ്ങൾ 2013ലെ സ്റ്റോർസ് പർച്ചേസ് മാന്വൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ(പി) നം.259/2010/ത.സ്വ.ഭ.വ തീയതി 8.11.2010 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരമാണോ എന്ന് പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകൾ താഴെ ചേർക്കുന്നു.

1. പദ്ധതിക്കായി 25.06.18 ന് ക്ഷണിച്ച ടെണ്ടറിന്റെ നിബന്ധനകളിൽ സാമഗ്രികളുടെ സ്പെസിഫിക്കേഷനുകൾ ഉൾപ്പെടുത്തിയിട്ടില്ല. സ്റ്റീൽ പ്ലേറ്റ്, ഗ്ലാസ്സ് എന്ന് മാത്രമാണ് രേഖപ്പെടുത്തിയിരുന്നത്. അളവ്, ഗേജ് എന്നിവയൊന്നും സ്പെസിഫിക്കേഷനിൽ ഉൾപ്പെടുത്തിയിരുന്നില്ല.

ടെണ്ടർ സമർപ്പിച്ച 4 സ്ഥാപനങ്ങളും light, medium, heavy weight എന്നിങ്ങനെ പ്ലേറ്റിനും, ഗ്ലാസ്സിനും 3 നിരക്കുകൾ വീതമാണ് ക്വാട്ട് ചെയ്തിരുന്നത്. 20.08.18 ലെ പഞ്ചായത്ത് തീരുമാനം നം. 2/5 പ്രകാരം 3.08.18 ൽ വാങ്ങൽ കമ്മിറ്റി സാമഗ്രികളുടെ ഗുണനിലവാരം പരിശോധിച്ചതിൽ ചിത്തിര അസോസിയേറ്റ്സ്, തൃപ്പാളൂർ സമർപ്പിച്ച സാമ്പിൾ (heavy type) ഗുണമേന്മയിൽ മുന്നിട്ടു നിൽക്കുന്നതിനാൽ ആയവ വാങ്ങുന്നതിനും, ടെണ്ടറിൽ രേഖപ്പെടുത്തിയ 89.5/-രൂപ വിലയുള്ള പ്ലേറ്റ് 75/-രൂപ നിരക്കിലും, 19.5/-രൂപ വിലയുള്ള ഗ്ലാസ്സ് 15/-രൂപ നിരക്കിലും വിതരണം ചെയ്യാമെന്ന് നെഗോഷ്യേറ്റ് ചെയ്തതിന്റെ അടിസ്ഥാനത്തിലും മേൽ സ്ഥാപനത്തിന്റെ ടെണ്ടർ സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. താരതമ്യ പട്ടിക പരിശോധിച്ചതിൽ പ്ലേറ്റിന് (heavy type) ഏറ്റവും കുറഞ്ഞ നിരക്ക് സമർപ്പിച്ചിട്ടുള്ളത് സാലി അസോസിയേറ്റ്സ്, വടക്കഞ്ചേരി എന്ന സ്ഥാപനവും(74/-), ഗ്ലാസ്സിന് ചിത്തിര അസോസിയേറ്റ്സ് എന്ന സ്ഥാപനവുമാണെന്ന് കാണുന്നു. (19.75/-) .

പ്രസ്തുത വിഷയത്തിന്മേൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം-9/21.11.19) നിർവ്വഹണോദ്യോഗസ്ഥ താഴെ പറയും പ്രകാരമാണ് മറുപടി സമർപ്പിച്ചിട്ടുള്ളത്.

"ഉച്ചഭക്ഷണത്തിനായുള്ള മേൽ സാമഗ്രികൾ കൂടുതൽക്കാലം കേടുകൂടാതെ നിലനിൽക്കണമെന്ന സദുദ്ദേശത്തോടു കൂടി ഭരണസമിതിയുടെ നിർദ്ദേശാനുസരണമാണ് ഗുണനിലവാരം മാനദണ്ഡമാക്കി പർച്ചേസ് നടത്തിയിട്ടുള്ളത്."

ഓഡിറ്റ് വിലയിരുത്തൽ

1. ടെണ്ടർ സ്വീകരിച്ചതിനു ശേഷം സ്പെസിഫിക്കേഷനുകൾ നിശ്ചയിക്കാവുന്നതല്ലെന്ന് സ്റ്റോർസ് പർച്ചേസ് മാന്വലിൽ നിബന്ധനയുണ്ട്. സ്പെസിഫിക്കേഷനുകൾ വ്യക്തമായി ഉൾപ്പെടുത്താതിരുന്നാൽ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന വ്യത്യസ്ത സ്പെസിഫിക്കേഷനുകൾ

താരതമ്യം ചെയ്യുവാൻ സാദ്ധ്യമല്ല. ആയതിനാൽ ആവശ്യകത അനുസരിച്ച് ടെണ്ടർ പരസ്യത്തിൽ പർച്ചേസ് ചെയ്യുവാൻ ഉദ്ദേശിക്കുന്ന സാമഗ്രികളുടെ കൃത്യമായ സ്പെസിഫിക്കേഷനുകൾ ആദ്യം തന്നെ തീരുമാനിച്ച് ഉൾപ്പെടുത്തേണ്ടതായിരുന്നു.

2. സാമ്പിൾ പരിശോധന അനിവാര്യമായ സംഗതികളിൽ പൊതു നിബന്ധനകൾ പുറമെ ടെണ്ടർ പരസ്യത്തിൽ ആയത് പ്രത്യേകം പരാമർശിക്കേണ്ടതാണ്.
3. ലഭ്യമാക്കിയ പ്ലേറ്റ്, ഗ്ലാസ്സ് എന്നിവയുടെ സ്റ്റോക്ക് ഇടക്കിടെ പരിശോധിക്കേണ്ടതും അവ ഫലപ്രദമായ പ്രയോജനപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

4.2013ലെ സ്റ്റോർസ് പർച്ചേസ് മാന്വൽ അദ്ധ്യായം 19 (സ.ഉ (പി) നം.2/2018/SPD/28.04.19 പ്രകാരം കൂട്ടിചേർത്തത്) പ്രകാരം തുടർന്നുള്ള 25000 രൂപയ്ക്ക് മുകളിലുള്ള കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും ഒഴികെയുള്ളവയുടെ വാങ്ങലുകൾ കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ സമാഹരണ പദ്ധതിയായ GeM (ഗവൺമെന്റ് ഇ- മാർക്കറ്റ് പ്ലേസ്) ൽ ലഭ്യമാണെങ്കിൽ ജെം മുഖേന മാത്രം വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-33 ഊർജ്ജിത സാക്ഷരതാ യജ്ഞം -13-ാം പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിധേയമായി നിർവ്വഹിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്

നിർവ്വഹണം - ഹെഡ് മിസ്ട്രസ്സ്, ജി.യു.പി.എസ്, മഞ്ഞപ്ര

പ്രൊജക്ട് നം - 110/19

അടങ്കൽ - 150000 (തനത് ഫണ്ട്)

ചെലവ് - 137415

സമ്പൂർണ്ണ സാക്ഷരതാ യജ്ഞത്തിന്റെ ഭാഗമായി ജില്ലാ സാക്ഷരതാ മിഷന്റെ 7.02.2017 ലെ സർക്കുലർ നം. എ.കെ.എൽ.എം/02/17 ന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച പ്രോജക്ട് പ്രകാരം പഠിതാക്കൾക്ക് പുസ്തകങ്ങൾ, പഠനോപകരണങ്ങൾ എന്നിവക്ക് ഒരാൾക്ക് 40/-രൂപ വെച്ച് 28000, ഇൻസ്ട്രക്ടർമാർക്ക് പരിശീലനം, യോഗങ്ങൾ, ഓണറേറിയം എന്നിവയ്ക്കായി 50000/-, പ്രചാരണ ചെലവുകൾ 2000/-, പഠിതാക്കളുടെ സംഗമം, ഉദ്ഘാടനം എന്നിവയ്ക്കായി 20000/-, പത്ത്, പതിനൊന്ന് ക്ലാസ്സുകളിലേക്കുള്ള തുല്യതാ പരീക്ഷക്ക് അപേക്ഷിച്ചവർക്ക് കോഴ്സ് ഫീ അനുവദിക്കൽ എന്നിവയ്ക്കാണ് പദ്ധതിയിൽ വകയിരുത്തിയിട്ടുള്ളത്.

പദ്ധതിക്കായി ചെലവഴിച്ച തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ചെലവിനം | തുക |
|---|---|---|
| 1 | കോഴ്സ് ഫീ | 67950 |
| 2 | ഇൻസ്ട്രക്ടർമാർക്ക് ഹോണറേറിയം | 48000 (16x3000) |
| 3 | സർവ്വെ(ഒരു വീടിന് 5/-രൂപ നിരക്കിൽ -1799 വീടുകൾ x | 8995 |

| | | |
|---|---|---|
| | 5/-രൂപ | |
| 4. | പഠിതാക്കളുടെ സംഗമം | 12470 |
| | ആകെ | 137415/- |

13-ാം പദ്ധതി മാർഗ്ഗരേഖ (അവശേഷിക്കുന്ന വാർഷിക പദ്ധതികൾ) സ.ഉ (കൈ) നം. 11/2018/ ത.സ്വ.ഭ.വ തീയതി 29.01.2018 പ്രകാരം വിദ്യാഭ്യാസ മേഖലയിൽ അനൗപചാരിക വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിലേക്ക് സാക്ഷരതാ മിഷനിൽ നിന്ന് പുസ്തകങ്ങൾ വാങ്ങുന്നതിനും, ആവശ്യമായ ഫീസ് ഒടുക്കുന്നതിനും മാത്രമാണ് പ്രൊജക്ട് തയ്യാറാക്കാവുന്നത്. മറ്റ് പ്രവർത്തനങ്ങൾ സാക്ഷരതാ മിഷൻ നടപ്പാക്കുന്നതിനാൽ ഇരട്ടിപ്പിന് സാധ്യതയുണ്ട്.

സബ്സിഡി മാർഗ്ഗരേഖ ജി.ഒ (എം.എസ്) 22/2018/ ത.സ്വ.ഭ.വ തീയതി 14.02.2018 (അനുബന്ധ വിഷയങ്ങൾ) ലെ നിർദ്ദേശങ്ങളനുസരിച്ച് പ്രൊജക്ടിൽ തുക വകയിരുത്തി ശമ്പളമോ, ഹോണറേറിയമോ നൽകാവുന്നതല്ല. മേൽ പദ്ധതിയിൽ 16 ഇൻസ്ട്രക്ടർമാർക്ക് 3000/- രൂപ നിരക്കിൽ 48000/- രൂപ ഹോണറേറിയമിനത്തിൽ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത വിഷയത്തിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 9/21.11.19) നിർവ്വഹണോദ്യോഗസ്ഥ സമർപ്പിച്ച മറുപടി താഴെ ചേർക്കുന്നു.

സാക്ഷരതാ മിഷന്റെ അതുല്യം മാതൃകാ പ്രൊജക്ടിന്റെ നിർദ്ദേശങ്ങളനുസരിച്ചാണ് ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും 16 ഇൻസ്ട്രക്ടർമാർക്ക് ഹോണറേറിയം അനുവദിച്ചിട്ടുള്ളത്. ഹോണറേറിയം, സർവ്വെ ചാർജ്ജ് ഇനത്തിൽ സാക്ഷരതാ മിഷനിൽ നിന്നും യാതൊരു ആനുകൂല്യവും 16 ഇൻസ്ട്രക്ടർമാർക്കും അനുവദിച്ചിട്ടില്ല എന്ന് ജില്ലാ കോഓർഡിനേറ്റർ സാക്ഷ്യപത്രം സമർപ്പിച്ചിട്ടുണ്ട്.

ഭാവിയിൽ 13-ാം പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിധേയമായി സാക്ഷരതാ മിഷൻ പദ്ധതികൾ നിർവ്വഹിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

മേൽ പട്ടികയിലെ ക്രമ നം. 1 പ്രകാരം 36 പഠിതാക്കൾക്ക് കോഴ്സ് ഫീ യായി 67950/- രൂപ സാക്ഷരതാ മിഷനിലേക്ക് അനുവദിച്ചിട്ടുണ്ട്. ഇവർ കോഴ്സ് പൂർത്തീകരിച്ചതിന്റെ വിവരം, പദ്ധതിയുടെ മോണിട്ടറിങ്ങ് റിപ്പോർട്ട് (വർക്കിംഗ് ഗ്രൂപ്പ് - വിദ്യാഭ്യാസം, കായികം, യുവജനക്ഷേമം ) എന്നിവ തയ്യാറാക്കി ഫയലിൽ സൂക്ഷിക്കേണ്ടതും ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 1-34 കാർഷിക മേഖലയിൽ വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയത് അഭിനന്ദനാർഹം

ഗ്രാമപഞ്ചായത്തിൽ കാർഷിക മേഖലയിലെ അടിസ്ഥാന വിവരങ്ങളുടെ അവസ്ഥാ വിശകലനം കൃഷി, മണ്ണ്, ജലസംരക്ഷണ വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കിയിട്ടുണ്ട്. 2018-19ലെ അവസ്ഥാ വിശകലനം പ്രകാരം ഗ്രാമപഞ്ചായത്തിലെ കൃഷി ചെയ്യുന്ന വിസ്തൃതി 2093 ഹെക്ടറാണ്. ഇതിൽ കൃഷി ചെയ്യുന്ന നെൽവയലുകളുടെ വിസ്തൃതി 425 ഹെക്ടറാണ്. സ്ഥിതി വിവര കണക്കുകളനുസരിച്ച് 55 ഹെക്ടർ തരിശ് ഭൂമിയിൽ 40 ഹെക്ടർ കൃഷിയോഗ്യമാണ്. പഞ്ചായത്തിൽ ആകെ 13 പാടശേഖരസമിതികളുണ്ട്. കാർഷിക മേഖലയിൽ പഞ്ചായത്ത് തയ്യാറാക്കിയിട്ടുള്ള വികസന പരിപ്രേക്ഷ്യം ചുവടെ ചേർക്കുന്നു.

എ) നെൽകൃഷി നിലവിലുള്ള ഭൂവിസ്തൃതി നിലനിർത്തി, തരിശുഭൂമി കൃഷിയോഗ്യമാക്കി, ശാസ്ത്രീയ കൃഷി രീതികൾ അവലംബിച്ച് ഉല്പാദനം വർദ്ധിപ്പിക്കുക

ബി) പച്ചക്കറികൃഷി - സ്വയംപര്യാപ്തത കൈവരിക്കുക

സി) ജൈവകൃഷി രീതികൾ ശീലമാക്കി ഭക്ഷ്യയോഗ്യമായ കാർഷികോൽപ്പന്നങ്ങളുടെ ലഭ്യത വർദ്ധിപ്പിക്കുക

ഡി) ജലസേചനം, ജലസംരക്ഷണം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക

ഇ) കേരകൃഷി സംരക്ഷണം, ഉല്പാദന വർദ്ധനവ്

എഫ്) കാർഷികോൽപ്പന്നങ്ങളുടെ മൂല്യ വർദ്ധനവ്, വിപണന സൗകര്യം ഉറപ്പാക്കുക

ജി) കാർഷിക മേഖലയിൽ തൊഴിലാളികളുടെ ലഭ്യത ഉറപ്പാക്കുക

മേൽ പരാമർശിച്ച ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉതകുന്ന സാമ്പത്തിക വർഷത്തിൽ കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത് അഭിനന്ദനാർഹമാണ്. പ്രൊജക്ടുകളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

<u>1. പ്രൊജക്റ്റ് നം - 119/19 – തരിശ് ഭൂമി കൃഷിയോഗ്യമാക്കൽ</u>

അടങ്കൽ - 57815

ചെലവ് - 17815

തരിശായി കിടക്കുന്ന നെൽവയലുകളിൽ നെൽകൃഷി ചെയ്ത് തരിശ് രഹിത പഞ്ചായത്ത് എന്ന ലക്ഷ്യം കൈവരിക്കുന്നതിനാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്നത്. ഇതിനായി വിത്ത്, വളം, ജൈവകീടനാശിനികൾ എന്നിവ യഥാക്രമം 100%, 50%,75% സബ്സിഡി നിരക്കിൽ അനുവദിക്കുന്നു. 3 വർഷമെങ്കിലും തരിശായി കിടന്ന പാടങ്ങളിൽ സ്വന്തമായോ, പാട്ടത്തിനെടുത്തോ കൃഷി ചെയ്യുന്ന വനിത/ വനിതാ ഗ്രൂപ്പുകൾക്കാണ് ധനസഹായം നൽകുന്നത്. 12.5 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കി വിത്ത് ഹെക്ടറിന് 3500/- രൂപ, വളം ഹെക്ടറിന് 2200/- രൂപ, കൂലിചെലവ് ഹെക്ടറിന് 17000/- രൂപ, കീടനാശിനി 1300/- രൂപ എന്ന നിരക്കിൽ ആകെ ഹെക്ടറിന് 24000/-രൂപ ധനസഹായം നൽകുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

പദ്ധതി പ്രകാരം താഴെ പറയുന്ന ഗുണഭോക്താക്കൾക്കാണ് ധനസഹായം അനുവദിച്ചിട്ടുള്ളത്.

| പാടശേഖര സമിതി | കൃഷി ചെയ്ത വിസ്തീർണ്ണം (ഹെക്ടർ) | അനുവദിച്ച സബ്സിഡി |
|---|---|---|
| കല്ലിങ്കൽപ്പാടം | 0.25 | 5125 |
| ശ്രുതി കുടുംബശ്രീ, കാരപ്പൊറ്റ | 0.65 | 12690 |
| ആകെ | 0.90 | 17815 |

സ.ഉ(കൈ)നം.11/2018/ത.സ്വ.ഭ.വ തിയതി 29.01.2018 പ്രകാരം പുറപ്പെടുവിച്ച 13-ാം പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളിലെ ഖ.7.1.6(എ).11 പ്രകാരം തരിശുഭൂമിയിൽ കൃഷി പ്രോൽസാഹിപ്പിക്കുന്നതിനും കൃഷി ചെയ്യാതെ ഒഴിഞ്ഞു കിടക്കുന്ന ഭൂമിയിൽ കൃഷിയിറക്കുന്നതിനും പരമാവധി ശ്രദ്ധ നൽകേണ്ടതാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 15 മുതൽ 17 വരെയുള്ള വകുപ്പുകളിൽ തരിശു നെൽവയലിൽ കൃഷി ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിലെ ചട്ടം 7(1), 10 എന്നിവയിൽ നെൽകൃഷി ചെയ്യുന്നതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

പ്രസ്തുത നിർദ്ദേശം പ്രായോഗികമാക്കുന്നതിനോടൊപ്പം തുടർന്നും വിപുലമായ രീതിയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ തിയതി 14.02.2018 പ്രകാരം പുറപ്പെടുവിച്ച 13-ാം പദ്ധതി സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങളിലെ തരിശുരഹിത ഗ്രാമം എന്ന ലക്ഷ്യം നേടുന്നതിനായി മാതൃകാ കാർഷിക പ്രദർശനത്തോട്ടം, ഔഷധസസ്യത്തോട്ടം, നഴ്സറികൾ, വിത്തുല്പാദന കേന്ദ്രങ്ങൾ തുടങ്ങിയ സംരംഭങ്ങൾക്ക് കൃഷിഭൂമിയുടെ വിസ്തൃതിക്കനുസൃതമായി സബ്സിഡി അനുവദിക്കാവുന്നതും, തൽപരരായ കർഷക ഗ്രൂപ്പുകളും, ഭൂവുടമകളും തമ്മിൽ പഞ്ചായത്തിന്റെ സാന്നിധ്യത്തിൽ കരാറിലേർപ്പെടാവുന്നതുമാണ്. പ്രസ്തുത പ്രവർത്തനങ്ങൾക്ക് വികസന സ്റ്റാന്റിംഗ് കമ്മിറ്റി മുൻകൈ എടുക്കേണ്ടതാണ്.

2. പ്രൊജക്ട് നം - 115/19 – പാടശേഖരങ്ങളിൽ പുഷ്പകൃഷി

അടങ്കൽ - 135000

ചെലവ് - 135000

മേൽ പദ്ധതി പ്രകാരം 13 പാടശേഖരസമിതികളിലും ചെണ്ടുമല്ലി കൃഷിക്കായി 100000/-രൂപ സബ്സിഡി (27000വിത്തുകൾ 5/-രൂപ നിരക്കിൽ) അനുവദിച്ചിട്ടുണ്ട്.

3. പ്രൊജക്ട് നം - 116/19 – പാടശേഖരങ്ങളിൽ ഭക്ഷ്യവിളകൃഷി

അടങ്കൽ - 100000

ചെലവ് - 100000

മേൽ പദ്ധതി പ്രകാരം 13 പാടശേഖരസമിതികളിലായി 35.75 ഹെക്ടറിൽ ഭക്ഷ്യവിളകളുടെ വിത്തിനങ്ങൾക്ക് 100000/-രൂപ സബ്സിഡി അനുവദിച്ചിട്ടുണ്ട്. (4 kg/hectare -ആകെ -143 kg @700/-)

4. പ്രൊജക്ട് നം - 118/19 – വീട്ടുവളപ്പിൽ ജൈവപച്ചക്കറികൃഷി

അടങ്കൽ - 100000

ചെലവ് - 100000

മേൽ പദ്ധതി പ്രകാരം 1000 കുടുംബങ്ങൾക്ക് വീടൊന്നിന് 50 പച്ചക്കറിത്തൈകൾ വീതം (ഒരു തൈക്ക് 2/-രൂപ നിരക്കിൽ 50000തൈകൾ) വനിതാ ഗ്രൂപ്പുകൾ മുഖേന വിതരണം ചെയ്തിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. പദ്ധതികളുടെ മോണിട്ടറിംഗ് നടത്തി വിശദമായ റിപ്പോർട്ട് ഫയലുകൾക്കൊപ്പം സൂക്ഷിക്കേണ്ടതാണ്.

2. കാർഷിക മേഖലയിലെ വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് നിയമവും ചട്ടങ്ങളും സർക്കാർ നിർദ്ദേശങ്ങളും പാലിച്ചുകൊണ്ട് മേഖലയുടെ സമഗ്ര വികസനത്തിനുള്ള തുടർ പദ്ധതികൾ വിപുലമായ രീതിയിൽ ആവിഷ്കരിക്കുവാൻ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയും കൃഷി അനുബന്ധ മേഖലയിലെ വർക്കിംഗ് ഗ്രൂപ്പും, ഉദ്യോഗസ്ഥരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-35 ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട

# പദ്ധതിയുടെ നാളിതുവരെയുള്ള പ്രവർത്തനങ്ങളുടെ അവലോകനം

കേരളത്തിലെ എല്ലാ ഭവന രഹിതർക്കും ഭൂരഹിത-ഭവനരഹിതർക്കും ഭവനം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ (ലൈഫ്) ലക്ഷ്യം. ലൈഫ് മിഷന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ പട്ടിക പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

സ.ഉ(എം.എസ്)നം.151/2017/തസ്വഭവ തിയതി 31-7-2017 പ്രകാരം ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ മാർഗ്ഗരേഖ അംഗീകരിച്ചിട്ടുണ്ട്. സ.ഉ(കൈ)നം. 34/2018/തസ്വഭവ തിയതി 16-3-2018 പ്രകാരം 2018-19 വർഷത്തെ ധനസഹായം അനുവദിക്കുന്നതിനുള്ള മാർഗ്ഗരേഖയും അംഗീകരിച്ചിട്ടുണ്ട്.
2018-19 വർഷത്തിൽ കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിലെ ലൈഫ് മിഷൻ പദ്ധതി നടപ്പിലാക്കിയതിന്റെ രേഖകൾ പരിശോധിച്ചതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

<u>ലൈഫ് പദ്ധതി ഒന്നാംഘട്ടം</u>

ലൈഫ് മിഷൻ ഭവന പദ്ധതിയുടെ ഒന്നാം ഘട്ടം (പൂർത്തിയാക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം) 2017-18 വർഷത്തിൽ തന്നെ പൂർത്തീകരിച്ചിട്ടുണ്ട്.

<u>ലൈഫ് പദ്ധതി രണ്ടാം ഘട്ടം</u>

ലൈഫ് മിഷന്റെ രണ്ടാം ഘട്ടത്തിൽ സ്വന്തമായി സ്ഥലമുള്ള ഗുണഭോക്താക്കൾക്ക് വീട് നിർമാണത്തിന് ആനുകൂല്യം നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരിരുന്നത്. അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ജനറൽ വിഭാഗത്തിൽ 174 ഗുണഭോക്താക്കളും എസ്.സി വിഭാഗത്തിൽ ഒരു ഗുണഭോക്താവുമാണുള്ളത്. ആയതിൽ ആകെ പേരാണ് തൻവർഷം എഗ്രിമെന്റ് വച്ചിട്ടുള്ളത്.

ഒരു ഗുണഭോക്താവിന് 400000/- രൂപയാണ് പദ്ധതി പ്രകാരം വകയിരുത്തിയിട്ടുള്ളത്.

ആകെ 4 ഗഡുക്കളായി തുക അനുവദിക്കുന്നതിനാണ് ലക്ഷ്യമിട്ടത്. ഗ്രാമപഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ലോൺ, സംസ്ഥാനാവിഷ്കൃതം എന്നിവയാണ് ഫണ്ട് സ്രോതസ്സുകൾ .

<u>a) ലൈഫ് മിഷൻ ഭവന പദ്ധതി ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മാണം (54/19)-ജനറൽ 2018-19</u>

| ഫണ്ട് | അടങ്കൽ | 2018-19 വർഷത്തെ ചെലവ് | തിരിച്ചടവ് |
|---|---|---|---|
| പ്ലാൻ ഫണ്ട് | 3600000 | 3560000 | 40000 |

| | | | |
|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 1791240 | 1791240 | - |
| ജില്ലാ പഞ്ചായത്ത് | 1098752 | 1098752 | - |
| ഹഡ്കോ വായ്പ | 28840000 | 28620000 | 220000 |
| തനത് ഫണ്ട് | 4248 | 4248 | - |
| ആകെ | 3,53,34,240 | 3,50,74,240 | 260000 |

2019-20

| ഫണ്ട് | അടങ്കൽ | 2019-20 വർഷത്തെ ഇതുവരെയുള്ള ചെലവ് | ബാലൻസ് | തിരിച്ചടവ് |
|---|---|---|---|---|
| പ്ലാൻ ഫണ്ട് | 2800000 | 2800000 | - | - |
| ബ്ലോക്ക് പഞ്ചായത്ത് | 822000 | 800000 | 22000 | - |
| ജില്ലാ പഞ്ചായത്ത് | 1479138 | 840000 | 639138 | - |
| ഹഡ്കോ വായ്പ | 1320000 | 1320000 | - | - |
| സംസ്ഥാന വിഹിതം | 11900000 | 10700000 | 1100000 | 100000 |
| ആകെ | 1,83,21,138 | 1,64,60,000 | 17,61,138 | 100000 |

167 ഗുണഭോക്താക്കളിൽ 138 പേരാണ് കരാർ വെച്ചിട്ടുള്ളത്. 107 ഗുണഭോക്താക്കളാണ് മുഴുവൻ തുകയും കൈപ്പറ്റി ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്. നാളിതുവരെ വിവിധ ഗഡുക്കളായി ധനസഹായം കൈപ്പറ്റിയവരുടെ എണ്ണം ചുവടെ ചേർക്കുന്നു .

| ഗഡു | കൈപ്പറ്റിയവരുടെ വിവരം |
|---|---|
| 1 | 138 |
| 2 | 138 |
| 3 | 108 |
| 4 | 108 |

b) പദ്ധതി - ലൈഫ് മിഷൻ ഭവന പദ്ധതി ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മാണം (55/19)-എസ്.സി.പി

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട്(എസ്.സി.പി) | 400000 | 400000 |

7 ഗുണഭോക്താക്കളിൽ ഒരാൾ മാത്രമാണ് കരാർ വെച്ച് മുഴുവൻ തുകയും കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്.

ഹഡ്കോ ലോൺ

2018-19 ൽ 28840000/- രൂപയും, 2019-20 ൽ 1320000/- രൂപയും ഹഡ്‌കോയിൽ നിന്നും KURDFC മുഖേന വായ്പ ലഭ്യമായിട്ടുണ്ട്. തുക സെക്രട്ടറിയുടെ പേരിൽ ബാങ്ക് അക്കൗണ്ടിൽ (SBI, വടക്കഞ്ചേരി - അക്കൗണ്ട്നം - 67389780669 ) നിക്ഷേപിച്ച് ചെലവ് നടത്തുകയും ചെയ്തിട്ടുണ്ട്.

സർക്കാർവിഹിതം

സർക്കാർ വിഹിതമായി ഓരോ ഗുണഭോക്താവിനും 1 ലക്ഷം രൂപ വീതം ലഭ്യമാകുമെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. തൻവർഷം സർക്കാരിൽ നിന്നും തുകയൊന്നും ലഭ്യമായിട്ടില്ല. 2019-20 വർഷത്തിൽ 11900000 രൂപ ലഭ്യമായിട്ടുണ്ട്. ഇതിൽ 10700000/-രൂപ ചെലവഴിച്ചിട്ടുണ്ട്.

ഭവന നിധി രൂപീകരിച്ചിട്ടില്ല

ലൈഫ് മിഷൻ മാർഗ്ഗരേഖ പ്രകാരം പൊതുജനങ്ങളിൽ നിന്നും മറ്റ് രീതികളിലും ഫണ്ട് സ്വീകരിച്ച് സെക്രട്ടറിയുടേയും പ്രസിഡണ്ടിന്റേയും പേരിൽ ഒരു അക്കൗണ്ട് തുടങ്ങുവാനും, 10% പേർക്കെങ്കിലും ഈ ഫണ്ടിൽ നിന്നും തുക അനുവദിക്കുവാൻ ശ്രമിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. നാളിതുവരെ ഭവനനിധി രൂപീകരിച്ചിട്ടില്ല.

മോണിറ്ററിംഗ്

ലൈഫ് മിഷൻ പദ്ധതിയുടെ പുരോഗതി ഉറപ്പാക്കേണ്ടതിന്റെ പൂർണ്ണ ചുമതല സെക്രട്ടറിക്കാണ്. ഭൂമിയുള്ള ഭവന രഹിതരുടെ വ്യക്തിഗത ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്റെ മേൽനോട്ടച്ചുമതലയും സെക്രട്ടറിക്കാണ്. സ്റ്റാന്റിംഗ് കമ്മറ്റികളും മോണിട്ടറിംഗ് കാര്യക്ഷമമായി നിർവഹിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശം

1. വിവിധ ഘട്ടങ്ങളിലുള്ള ഭവനങ്ങളുടെ നിർമ്മാണ പൂർത്തീകരണം ഉറപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് പദ്ധതിയുടെ ലക്ഷ്യം കൈവരിക്കേണ്ടതാണ്.
2.സർക്കാരിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നും ലഭ്യമാകുവാനുള്ള തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. പദ്ധതിയുടെ മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

4. പദ്ധതി നടത്തിപ്പിൽ ഭവനനിധി രൂപീകരിച്ച് പൊതുജന പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.
5. മറ്റ് മാനദണ്ഡങ്ങൾ പ്രകാരം അർഹരായവരും എന്നാൽ റേഷൻ കാർഡില്ലാത്ത കാരണത്താൽ ഒഴിവായിപ്പോയ അഗതികളെ ഗുണഭോക്താക്കളായി പരിഗണിച്ച് റേഷൻ കാർഡ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത്തരം സന്ദർഭങ്ങളിൽ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ശുപാർശയിൽ ജില്ലാ കളക്ടറുടെ അനുമതിയോടു കൂടി പേര് ഗുണഭോക്തൃ പട്ടികയിൽ ചേർക്കാവുന്നതും തുടർന്ന് ഭവന നിർമ്മാണത്തിന് ധനസഹായം നൽകാവുന്നതുമാണ്. ഗ്രാമ പഞ്ചായത്തിൽ വീടില്ലാത്ത ആശ്രയ ഗുണഭോക്താക്കളെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.
6. ഭവനത്തോടൊപ്പം അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംയോജന സാദ്ധ്യത പരിഗണിക്കേണ്ടതാണ്.
തുടർ പ്രവർത്തനങ്ങളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-36 പി.എം.എ.വൈ പദ്ധതി - ഗുണഭോക്തൃ ലിസ്റ്റില്ലാതെ ബ്ലോക്ക്

# പഞ്ചായത്തിലേക്ക് കൈമാറിയ 100000/- രൂപ തിരികെ ഈടാക്കേണ്ടതാണ്

പി.എം.എ.വൈ പദ്ധതി പ്രകാരം ആലത്തൂർ ബ്ലോക്ക് പഞ്ചായത്തിലേക്ക് വികസന ഫണ്ടിൽ (എസ്.സി.പി) നിന്ന് താഴെ പറയും പ്രകാരം തുകകൾ കൈമാറിയിട്ടുണ്ട്. പദ്ധതികളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നം. | പ്രൊജക്ട് | അടങ്കൽ | ചെലവ് | ബിൽ നം./ തീയതി |
|---|---|---|---|---|
| 52/18 | പി.എം.എ.വൈ - അധിക വിഹിതം -2017-18 | 25000 | 25000 | 4/13.12.18 |
| 53/18 | പി.എം.എ.വൈ - 2018-19 | 75000 | 75000 | 5/13.12.18 |

മേൽ തുകകളുടെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.-3/21.11.19) നിർവ്വഹണോദ്യോഗസ്ഥ സമർപ്പിച്ച മറുപടി താഴെ ചേർക്കുന്നു.

പി.എം.എ.വൈ (ഗ്രാമീൺ) ഭവന പദ്ധതിക്കായി PMAY(G) വെബ്സൈറ്റിൽ അപ് ലോഡ് ചെയ്തിട്ടുള്ള SECC-2011 ലെ (സാമൂഹിക സാമ്പത്തിക ജാതി സെൻസസ്) ലിസ്റ്റിൽ നിന്നുമാണ് ഗുണഭോക്താക്കളെ കണ്ടെത്തിയിരുന്നത്. പ്രസ്തുത ലിസ്റ്റിലുള്ള 30 ഗുണഭോക്താക്കളിൽ 6 പേർക്ക് പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭ്യമായിട്ടുണ്ട്. ബാക്കി 24 പേർ സ്വന്തമായി സ്ഥലമില്ലാത്തവരായിരുന്നു. ആലത്തൂർ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ് മുഖേന ഇവർക്ക് സ്ഥലം ലഭിക്കാൻ സാധ്യതയുള്ളതുകൊണ്ടും, പി.എം.എ.വൈ ടാർജറ്റ് ലഭ്യമാവാത്തതിനാലുമാണ് മേൽ പട്ടികയിൽ ക്രമ നം. -1 പ്രകാരമുള്ള പദ്ധതിക്ക് 2017-18 ൽ വകയിരുത്തിയ തുകയായ 25000/-രൂപ ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയത്.

സർക്കാർ ഉത്തരവ് (സാധാ) നം. 600/2018/ത.സ്വ.ഭ.വ തീയതി 03/03/2018 പ്രകാരം SECC ലിസ്റ്റിലും, ലൈഫ് മിഷൻ ലിസ്റ്റിലും ഉൾപ്പെടാത്തവരുടെ അപേക്ഷ പരിഗണിച്ച് അന്തിമ ലിസ്റ്റ് തയ്യാറാക്കി ഗ്രാമസഭാ അംഗീകാരം ലഭ്യമാക്കി അർഹരായ മുഴുവൻ ഗുണഭോക്താക്കളെയും പി.എം.എ.വൈ (ഗ്രാമീൺ) ആനുകൂല്യം ലഭിക്കുന്നതിനായി ആവാസ് സോഫ്റ്റ് എന്ന സോഫ്റ്റ് വെയറിൽ ജിയോ ടാഗ് ചെയ്ത് കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിന് ലഭ്യമാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതനുസരിച്ച് പഞ്ചായത്തിൽ 383 ഗുണഭോക്താക്കളെ പുതിയതായി ജിയോ ടാഗ് ചെയ്തതിനാലും, ഇതിൽ പട്ടികജാതി ഗുണഭോക്താക്കൾ ഉൾപ്പെട്ടതിനാലുമാണ് മേൽ പട്ടികയിൽ ക്രമ നം. - 2പ്രകാരമുള്ള പദ്ധതിക്ക് 2018-19 ൽ വകയിരുത്തിയ തുകയായ 75000/-രൂപ ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയത്.

നിലവിൽ SECC – 2011 ലിസ്റ്റിൽ അർഹതയുള്ള ഗുണഭോക്താക്കളില്ലാത്തതിനാലും, ജിയോ ടാഗ് ചെയ്ത ലിസ്റ്റിന് അംഗീകാരം ലഭ്യമാവാത്തതിനാലും, രണ്ട് പദ്ധതികൾക്കുമായി ബ്ലോക്ക് പഞ്ചായത്തിലേക്ക് കൈമാറിയ 100000/-രൂപ ( 25000 + 75000) തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-37 അഗതി രഹിത കേരളം പദ്ധതി - അവലോകനം

നിർവ്വഹണം - അസി.സെക്രട്ടറി

ഗുണഭോക്താക്കളുടെ എണ്ണം

കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിലെ അഗതി രഹിത കേരളം പദ്ധതിയുടെ ആക്ഷൻ പ്ലാൻ 9.03.2019 തീയതിയിൽ അംഗീകാരം ലഭ്യമായിട്ടുണ്ട്. ആയത് പ്രകാരം വിവിധ ഘടകങ്ങൾ ആവശ്യമുള്ള 172 ഗുണഭോക്താക്കൾ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്.

അക്കൗണ്ട്

പദ്ധതിക്കായി 29.07.19 ലെ പഞ്ചായത്ത് ഭരണസമിതി തീരുമാനം നമ്പർ - 1 പ്രകാരം ആശ്രയ ഒന്നാം ഘട്ടത്തിൽ ശേഷിക്കുന്ന 9403/-രൂപയും (കോർപ്പറേഷൻ ബാങ്ക്, കണ്ണമ്പ്ര, അക്കൗണ്ട് നം - 520101058271046) രണ്ടാം ഘട്ടത്തിൽ ശേഷിക്കുന്ന 1541862/-രൂപയും (കോർപ്പറേഷൻ ബാങ്ക്, കണ്ണമ്പ്ര, അക്കൗണ്ട് നം - 520101058271054) ചേർത്ത് ആകെ 1551265/-രൂപ പുതിയതായി ആരംഭിച്ച അഗതി രഹിത കേരളം അക്കൗണ്ടിലേക്ക് (S/B അക്കൗണ്ട് നം - 520101261977115) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഈ തുകയിൽ 2 ലക്ഷം രൂപ ആശ്രയ പദ്ധതിയുടെ നടത്തിപ്പിനായി 2018-19 വർഷം വി.ഇ.ഒ മുഖേന നിർവ്വഹിക്കുന്നതിന് വകയിരുത്തിയിട്ടുള്ളതാണ് (100000 - പ്ലാൻ ജനറൽ വിഹിതം, 100000 – ബ്ലോക്ക് വിഹിതം) . ആയത് കുടുംബശ്രീ ആശ്രയ അക്കൗണ്ടിലേക്ക് കൈമാറിയെങ്കിലും ചെലവഴിച്ചിട്ടില്ല.

തുടർ പ്രവർത്തനങ്ങൾ

13-ാം പദ്ധതി മാർഗ്ഗരേഖ (അവശേഷിക്കുന്ന വാർഷിക പദ്ധതികൾ) - സ.ഉ (കൈ) നം.- 11/18/ ത.സ്വ.ഭ.വ തീയതി 29.01.18 ലെ നിർദ്ദേശങ്ങളനുസരിച്ച് അഗതി കുടുംബങ്ങളെ കണ്ടെത്തി അവർക്കായി പ്രത്യേക പരിചരണ സേവന പാക്കേജ് (ഭക്ഷണം, ആരോഗ്യസുരക്ഷ, ഭിന്നശേഷി സഹായം, കിടപ്പാടം, പാർപ്പിടം, കുടിവെള്ളം, വസ്ത്രം, വിദ്യാഭ്യാസം, തൊഴിൽ, പുനരധിവാസം തുടങ്ങിയവ) തയ്യാറാക്കേണ്ടതാണ്. പദ്ധതിയുടെ തുടർ നടത്തിപ്പ് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം - 2/21.11.19) നിർവ്വഹണോദ്യോഗസ്ഥൻ സമർപ്പിച്ച മറുപടി താഴെ ചേർക്കുന്നു.

നിലവിൽ ചലഞ്ച് ഫണ്ട് വിനിയോഗിച്ച് ഭക്ഷ്യ ധാന്യ കിറ്റ് നൽകിവരുന്നു. എല്ലാ ഗുണഭോക്താക്കളുടെയും ആരോഗ്യസ്ഥിതി പരിശോധിച്ച് ഹെൽത്ത് കാർഡ് നൽകിയതിന്റെ അടിസ്ഥാനത്തിൽ 20/11/19 ന് മെഡിക്കൽ ക്യാമ്പ് നടത്തി എച്ച്.എം.സി ഫണ്ടുപയോഗിച്ച് ബന്ധപ്പെട്ട മെഡിക്കൽ ഓഫീസറുടെ നിർദ്ദേശാനുസരണം മരുന്ന് വിതരണം നടത്തിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വീട് റിപ്പയർ ആവശ്യമായവർക്ക് ധനസഹായം അനുവദിക്കുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കുന്നതിന് ഗുണഭോക്താക്കൾക്കും, സി.ഡി.എസ് മെമ്പർമാർ മുഖേന അയൽക്കൂട്ടാംഗങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് സ്ഥലം ഉള്ളതും വീട് ഇല്ലാത്തതുമായ ഗുണഭോക്താക്കൾക്ക് വീട് അനുവദിക്കുന്നതിനും തീരുമാനമായിട്ടുണ്ട്.

പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തുവാൻ ഒരു ഉപസമിതി രൂപീകരിച്ച് പുരോഗതി റിപ്പോർട്ട് ഓരോ രണ്ട് മാസത്തിലും തയ്യാറാക്കി ഭരണസമിതിക്ക് നൽകേണ്ടതും, ഭരണസമിതി ആയത് ചർച്ച ചെയ്ത് നടപടി റിപ്പോർട്ട് ജില്ലാ ആസൂത്രണ സമിതിക്ക് നൽകേണ്ടതുമാണ്.അഗതി കുടുംബങ്ങളുടെ മേൽനോട്ടം ചുമതലപ്പെടുത്തിയ അയൽക്കൂട്ടം ഒരു മോണിട്ടറിങ്ങ് രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്.

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ദാരിദ്ര്യ ലഘൂകരണ വർക്കിംഗി ഗ്രൂപ്പ് മിനുട്സ് എന്നിവ പരിശോധിച്ചതിൽ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് യാതൊരു രേഖപ്പെടുത്തലുകളും നടത്തിയിട്ടില്ല. ആശ്രയ നിർബന്ധിത പ്രൊജക്ടാണെന്നിരിക്കെ 13-ാം പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ അഗതികളുടെ ആവശ്യകതക്കനുസരിച്ചുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതോടൊപ്പം ലഭ്യമാകുന്ന തുക സമയബന്ധിതമായി വിനിയോഗിക്കേണ്ടതുമാണ്.

പദ്ധതി പ്രവർത്തനത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ദാരിദ്ര്യ ലഘൂകരണ വർക്കിംഗ് ഗ്രൂപ്പ് എന്നിവരുടെ ഇടപെടൽ കാര്യക്ഷമമാക്കേണ്ടതും പദ്ധതി മോണിട്ടറിങ്ങ് റിപ്പോർട്ട് കൃത്യമായ ഇടവേളകളിൽ തയ്യാറാക്കേണ്ടതുമാണ്.

# 1-38 വനിതകൾക്കും, വിദ്യാർത്ഥികൾക്കുമായുള്ള യോഗ പരിശീലനം - ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചില്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ യോഗ പരിശീലനം എന്ന പദ്ധതിക്കായി യോഗ മാറ്റുകൾ പർച്ചേസ് ചെയ്തിട്ടുണ്ട്. പ്രസ്തുത പർച്ചേസിനായി അവലംബിച്ചിട്ടുള്ള ടെണ്ടർ നടപടിക്രമങ്ങൾ 2013ലെ സ്റ്റോർസ് പർച്ചേസ് മാന്വൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ(പി) നം.259/2010/ത.സ്വ.ഭ.വ തീയതി 8.11.2010 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരമാണോ എന്ന് പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങളും, പദ്ധതിച്ചെലവുകളുടെ വിവരവും താഴെ ചേർക്കുന്നു.

| പ്രൊജക്ട് നം. | പ്രൊജക്ട് | അടങ്കൽ | യോഗ മാറ്റ് - പർച്ചേസ് ചെലവ് | ബിൽ നം/ തീയതി |
|---|---|---|---|---|
| 101/19 | വനിതകൾക്ക് യോഗ പരിശീലനം | 100000 | 49640 | 6/31-10-2018 |
| 6/19 | വിദ്യാർത്ഥികൾക്ക് യോഗ പരിശീലനം | 200000 | 69350 | 5/31-10-2018 |

പദ്ധതിക്കായി 25.06.18 ന് ക്ഷണിച്ച ടെണ്ടർ പ്രകാരമുള്ള (എ2-3293/18) സ്പെസിഫിക്കേഷൻ താഴെ ചേർക്കുന്നു.

Yoga mat imported & washable with 5mm thickness, special type

ആകെ ലഭിച്ച 7 സ്ഥാപനങ്ങളുടെ ടെണ്ടറുകളിൽ മേൽ സ്പെസിഫിക്കേഷനുകൾ പ്രകാരം ടെണ്ടർ സമർപ്പിച്ച സ്ഥാപനങ്ങളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| സ്ഥാപനം | സ്പെസിഫിക്കേഷൻ | നിരക്ക് |
|---|---|---|
| രാജധാനി ഏജൻസീസ്, ചെർപ്പുളശ്ശേരി | Yoga mat imported & washable with 5mm thickness, special type | 374 |
| ചിത്തിര അസോസിയേറ്റ്സ്, | Yoga mat imported & washable with 5 mm thickness, special type | 389 |

| | | |
|---|---|---|
| തൃപ്പാളൂർ | | |

മേൽ സ്ഥാപനങ്ങളിൽ 389/- എന്ന നിരക്ക് ക്വാട്ട് ചെയ്ത ചിത്തിര അസോസിയേറ്റ്സ്, തൃപ്പാളൂരിന്റെ ടെണ്ടർ ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ അംഗീകരിച്ച് (പർച്ചേസ് കമ്മിറ്റി തീരുമാനം - 1, 2/3.08.18) ടി സ്ഥാപനവുമായി നെഗോഷ്യേറ്റ് ചെയ്ത് 365/- രൂപ നൽകിക്കാണുന്നു. സ്പെസിഫിക്കേഷൻ പ്രകാരം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ രാജധാനി ഏജൻസീസ്, ചെർപ്പുളശ്ശേരിയെ ഒഴിവാക്കിയതിന് കാരണം രേഖപ്പെടുത്തിയിട്ടില്ല. ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനവുമായി നെഗോഷ്യേഷൻ നടത്താതിരുന്നതിന്റെ കാരണം വിശദമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം - 14/25.11.19) നിർവ്വഹണോദ്യോഗസ്ഥ സമർപ്പിച്ച മറുപടി താഴെ ചേർക്കുന്നു.

ടെണ്ടറുകളിൽ ഏറ്റവും ഗുണനിലവാരമുള്ളതെന്ന് പർച്ചേസ് കമ്മിറ്റിക്കും, ഭരണസമിതിക്കും ബോധ്യപ്പെട്ടതിനാലാണ് ചിത്തിര അസോസിയേറ്റ്സുമായി നെഗോഷ്യേറ്റ് ചെയ്ത് യോഗാ മാറ്റൊന്നിന് 365/- രൂപ നിശ്ചയിച്ചത്.

പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ സ.ഉ(പി)നം.259/2010/ത.സ്വ.ഭ.വ തീയതി 8.11.2010 പ്രകാരവും സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖ. 9.48 പ്രകാരവും ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനവുമായി മാത്രമേ നെഗോഷ്യേഷൻ നടത്തുവാൻ പാടുള്ളൂ. മേൽ പദ്ധതിയിൽ സ്പെസിഫിക്കേഷനുകളിൽ യാതൊരു വ്യത്യാസവുമില്ലാതെ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ രാജധാനി ഏജൻസീസ്, ചെർപ്പുളശ്ശേരിയുമായാണ് നെഗോഷ്യേഷൻ നടത്തേണ്ടിയിരുന്നത്. ഭാവിയിൽ പർച്ചേസ് നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>യോഗാ മാറ്റുകളുടെ വിതരണ വിവരം</u>

വനിതകൾക്കായുള്ള പദ്ധതിയിൽ കുടുംബശ്രീ അംഗങ്ങൾക്ക് 136 എണ്ണം, വിദ്യാർത്ഥികൾക്കായുള്ള പദ്ധതിയിൽ 7 സ്കൂളുകൾക്ക് 190 എണ്ണം എന്നിങ്ങനെ യോഗാമാറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. വനിതകൾക്കായി വിതരണം ചെയ്ത യോഗാ മാറ്റുകൾ വാർഡുകളിലെ അങ്കണവാടികളിലും, വിദ്യാർത്ഥികൾക്കായി വിതരണം ചെയ്തവ സ്കൂളുകളിലും സ്റ്റോക്ക് ചെയ്തിട്ടുണ്ടെന്ന് നിർവ്വഹണോദ്യോഗസ്ഥ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. വാങ്ങിയ മാറ്റുകൾ തുടർന്നും പ്രയോജനപ്പെടുത്തേണ്ടതാണ്.

# 1-39 ഫർണിച്ചർ വാങ്ങൽ - ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചില്ല

സാമ്പത്തിക വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹിച്ച ഫർണിച്ചർ വാങ്ങൽ പദ്ധതികളുടെ വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നം. | പ്രൊജക്ട് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | 107/19 | വയോജനങ്ങൾക്ക് കട്ടിൽ - ജനറൽ | 482850 | 478464 |
| 2 | 108/19 | ടി - എസ്.സി.പി | 100050 | 98256 |
| 3 | 109/19 | ടി - ടി.എസ്.പി | 52200 | 34176 |
| 4 | 3/19 | അങ്കണവാടികളിലേക്ക് ഫർണിച്ചർ | 95000 | 92590 |
| [illegible] | [illegible] | [illegible] | [illegible] | [illegible] |

| | | | | |
|---|---|---|---|---|
| 5 | 104/19 | ജാഗ്രതാ സമിതിയിലേക്ക് ഫർണിച്ചർ | 50000 | 27540 |
| 6 | 179/19 | അങ്കണവാടികളിലേക്ക് ബേബിചെയറുകൾ | 95000 | 94869 |

മേൽ വാങ്ങലുകൾക്കായി അവലംബിച്ചിട്ടുള്ള ടെണ്ടർ നടപടിക്രമങ്ങൾ 2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വൽ - സ.ഉ(പി)നം.03/2013/SPD/21.06.2013, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ(പി) നം.259/2010/ ത.സ്വ.ഭ.വ തീയതി 8.11.2010 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരമാണോ എന്ന് പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകൾ താഴെ ചേർക്കുന്നു.

1. ക്രമ നമ്പർ - 1, 2, 3 പ്രകാരം വിവിധ വിഭാഗങ്ങളിലുള്ള വയോജനങ്ങൾക്ക് കട്ടിൽ എന്ന പദ്ധതിയുടെ മൊത്തം അടങ്കൽ 635100 ആണെന്നിരിക്കെ ഇ-ടെണ്ടർ നടപടികൾ പാലിച്ചിട്ടില്ല. 25.06.18 ന് മൂന്ന് പദ്ധതികൾക്കും കൂടി ഒറ്റ ടെണ്ടർ ക്ഷണിച്ചിട്ടുണ്ടെങ്കിലും ജി.ഒ(എം.എസ്) 13/2015/ ഐ.ടി.ഡി 12.05.15 ലെ നിർദ്ദേശമനുസരിച്ച് 5 ലക്ഷം രൂപക്ക് മുകളിലുള്ള വാങ്ങലിന് ഇ-ടെണ്ടർ നടപടികൾ അവലംബിക്കേണ്ടതായിരുന്നു.

2. ക്രമ നമ്പർ - 4, 5, 6 പ്രകാരമുള്ള വാങ്ങലുകൾ ക്വട്ടേഷൻ മുഖേനയാണ് നടത്തിയിട്ടുള്ളത്. പ്രസ്തുത വാങ്ങലുകളുടെ മൊത്തം അടങ്കൽ 214999 ആണെന്നിരിക്കെ ഓപ്പൺ ടെണ്ടർ നടത്തേണ്ടതായിരുന്നു. ഓപ്പൺ ടെണ്ടർ അവലംബിക്കാതിരുന്നതിനാൽ ആയതിന്റെ ആനുകൂല്യം നഷ്ടമായതായി വിലയിരുത്തുന്നു.. 2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വൽ ഖണ്ഡിക 7.2 പ്രകാരം ഭാഗികമായി വാങ്ങലുകൾ നടത്തുവാൻ ആവശ്യകതയെ ചെറിയ ഘടകങ്ങളാക്കി വിഭജിക്കുവാൻ പാടില്ല. ഖണ്ഡിക 7.33 പ്രകാരം ഒരേ തരത്തിലുള്ള വസ്തുക്കളുടെ ആവശ്യകത ഒരുമിച്ച് കണക്കാക്കി ടെണ്ടർ ക്ഷണിക്കേണ്ടതാണ്.

3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ (പി) 259/2010 ത.സ്വ.ഭ.വ 08.11.2010 പ്രകാരമുള്ള സമാഹരണ പദ്ധതി നിബന്ധനകൾ പദ്ധതി നിർവ്വഹണത്തിൽ പാലിക്കേണ്ടതാണ്. സാധന സാമഗ്രികളുടെ മതിയായ എണ്ണം വർഷാരംഭത്തിൽ കണക്കാക്കി ബജറ്റിൽ തുക വകയിരുത്തി ഒന്നിച്ച് വാങ്ങാവുന്നതാണ്. പ്രൊക്യൂർമെന്റ് ടീം ഈ വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.
4.2013ലെ സ്റ്റോർസ് പർച്ചേസ് മാന്വൽ അദ്ധ്യായം 19 (സ.ഉ (പി) നം.2/2018/SPD/28.04.19 പ്രകാരം കൂട്ടിചേർത്തത്) പ്രകാരം തുടർന്നുള്ള 25000 രൂപയ്ക്കു മുകളിലുള്ള കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും ഒഴികെയുള്ളവയുടെ വാങ്ങലുകൾ കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ സമാഹരണ പദ്ധതിയായ GeM (ഗവൺമെന്റ് ഇ- മാർക്കറ്റ് പ്ലേസ്) ൽ ലഭ്യമാണെങ്കിൽ ജെം മുഖേന മാത്രം വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-40 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി - അവലോകനം

ഓരോ ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തെ അവിദഗ്ദ്ധ തൊഴിൽ

ദിനങ്ങൾ ആവശ്യാധിഷ്ഠിതമായി പ്രദാനം ചെയ്യുന്നതോടൊപ്പം പ്രകൃതി വിഭവ പരിപാലനവുമായി

ബന്ധപ്പെട്ട പൊതു ആസ്തികളും ദുർബല ജനവിഭാഗങ്ങൾക്കായി ഈടുറ്റതും ഗുണമേന്മയുള്ളതും ഉല്പാദനക്ഷമവുമായ ഉപജീവനാസ്തികളും സൃഷ്ടിക്കുകയാണ് പദ്ധതിയുടെ മുഖ്യലക്ഷ്യം.

കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷത്തിൽ MGNREGS മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ അവലോകനം താഴെ ചേർക്കുന്നു.

2018-19 സാമ്പത്തികവർഷത്തിൽ 68 പേർക്ക് പുതുതായി തൊഴിൽ കാർഡുകൾ നൽകിയിട്ടുണ്ട്. ആകെ 2730 പേർ തൊഴിലിനായി അപേക്ഷിക്കുകയും 2522 പേർക്ക് തൊഴിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. സാമ്പത്തികവർഷം ആകെ 108998 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുകയും ആയതിന് തൊഴിലാളികളുടെ കൂലി ഇനത്തിൽ 32004806രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. അവിദഗ്ദ്ധ തൊഴിലാളികളുടെ കൂലിയിനത്തിൽ 29436629 രൂപയും വിദഗ്ധ തൊഴിലാളികളുടെ കൂലിയിനത്തിൽ 526395 രൂപയുമാണ് ചെലവഴിച്ചിട്ടുള്ളത്. മെറ്റീരിയൽ ഉൾപ്പെടുന്ന 6 പ്രവൃത്തികളിലായി തൻവർഷം 2030774 രൂപ ചെലവഴിച്ചിട്ടുണ്ട്.

ജീവനക്കാർക്കുള്ള ശമ്പളവും മറ്റുമായി 553652 രൂപയുമടക്കം തൻവർഷത്തെ ആകെ ചെലവ് 32558458 രൂപയാണ്. ഷെൽഫ് ഓഫ് പ്രൊജക്ട് പ്രകാരം സാമ്പത്തികവർഷത്തിൽ 2016 പ്രൊജക്ടുകളിലായി 109964350 രൂപ വകയിരുത്തിയതിൽ 862 പ്രവൃത്തികളിലായി 32004806 രൂപ ചെലവഴിക്കപ്പെട്ടിട്ടുണ്ട്. ആയതിൽ 226 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനം ലഭ്യമാക്കിയിട്ടുണ്ട്.

നടപ്പിലാക്കിയ പദ്ധതികളുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| പ്രവൃത്തികളുടെ തരം | എണ്ണം | തുക |
|---|---|---|
| ഡ്രോട്ട് പ്രൂഫിംഗ് - നഴ്സറി നിർമ്മാണം | 1 | 6602 |
| വെള്ളപ്പൊക്ക നിയന്ത്രണം | 16 | 5792557 |
| ഭൂവികസനം | 17 | 3883417 |
| ഇറിഗേഷൻ കനാൽ | 34 | 7275672 |
| റൂറൽ കണക്റ്റിവിറ്റി | 7 | 926465 |
| വാട്ടർ കൺസർവേഷൻ | 18 | 4892532 |
| വാട്ടർ ഹാർവെസ്റ്റിംഗ് | 23 | 4231887 |
| വ്യക്തിഗത ജലസംരക്ഷണ പദ്ധതി | 746 | 4925246 |

പ്രകൃതി വിഭവപരിപാലനത്തിനും, ആസ്തിവികസനത്തിനും, ദരിദ്രകുടുംബങ്ങളുടെ വരുമാന വർദ്ധനവിനും, ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനത്തിനും സാധിക്കുന്ന വിധത്തിൽ കൂടുതൽ ക്രിയാത്മക പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് ആസൂത്രണ ഘട്ടം മുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

ഓഡിറ്റ് നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും

1. കാർഷിക പദ്ധതികൾ തൊഴിലുറപ്പ് പദ്ധതിയുമായി പരമാവധി സംയോജിപ്പിച്ച് നടപ്പിലാക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കേണ്ടതാണ്.

2. പരിസ്ഥിതി സംരക്ഷണ പ്രവൃത്തികൾ, വനവത്ക്കരണ പ്രവൃത്തികൾ എന്നിവ സാധ്യതയ്ക്ക് അനുസരിച്ച് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹണം നടത്താവുന്നതാണ്.

4. വാർഷിക കർമ്മ പദ്ധതിയും ലേബർ ബഡ്ജറ്റും തയ്യാറാക്കുന്നതിനായി കുടുംബശ്രീ അയൽക്കൂട്ടതല ചർച്ച, കൂടൽ എന്നീ നടപടിക്രമങ്ങൾ കാര്യക്ഷമമാക്കി ആവശ്യകതയ്ക്ക് അനുസൃതമായി എല്ലാ വിഭാഗങ്ങളിലുമുള്ള പ്രവൃത്തികളും ഏറ്റെടുക്കേണ്ടതാണ്.

5. ക്രിയാത്മകമായതും ഉപജീവനത്തിന് സഹായകരമായ ആസ്തികളായ, തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട് തുടങ്ങിയവയും ആവശ്യകതയ്ക്കനുസരിച്ച് നിർവ്വഹിക്കാവുന്നതാണ്.

6. തൊഴിലാളികൾക്ക് പരമാവധി തൊഴിൽ ദിനങ്ങൾ ഉറപ്പാക്കുന്നതിനും, കാലോചിതമായി പ്രവൃത്തികൾ നടപ്പാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

7. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ദാരിദ്ര്യ ലഘൂകരണ വർക്കിംഗ് ഗ്രൂപ്പ് എന്നവരുടെ പ്രത്യക ശ്രദ്ധ ഇക്കാര്യത്തിൽ പതിപ്പിക്കേണ്ടതാണ്.
കണ്ണമ്പ്ര പോലെയുള്ള ഗ്രാമപ്രദേശത്തിന്റെ സമഗ്ര വികസനത്തിന് സഹായകരമാകുംവിധം പദ്ധതി ഫലപ്രദമായി പ്രയോജനപ്പെടുത്താവുന്നതാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 3.07.2019 മുതൽ 4.07.2019 വരെ | നം.കെ.എസ്.എ-പി.കെ.ഡി21/997/ 2019(18) തിയതി 26.08.2019 |

# 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1000000 | ഉഴവു കൂലി | 1000000 | 0 |
| | | 100000 | വികലാംഗ സ്കോളർഷിപ്പ് | 100000 | 0 |
| | | 168925 | അങ്കണവാടി പോഷകാഹാരം | 163501 | 5424 |
| | | 272000 | പാൽ സബ്സിഡി | 272000 | 0 |
| | | 1791240 | ലൈഫ് മിഷൻ- | 1791240 | 0 |
| | | 100000 | ആശ്രയ | 100000 | 0 |
| | | 500000 | പകൽവീട് | 500000 | 0 |
| | | 250000 | MGNREGS-ഭവന നിർമ്മാണ യൂണിറ്റ് | 0 | 250000 |
| ജില്ലാ പഞ്ചായത്ത് | | 1098752 | ലൈഫ് മിഷൻ- | 1098752 | 0 |
| | | 75000 | സ്കോളർഷിപ്പ് | 71255 | 3745 |
| | | 1238000 | ഉഴവു കൂലി | 1238000 | 0 |
| | | 110000 | പാൽ സബ്സിഡി | 110000 | 0 |
| | | 2521752 | | 2518007 | 3745 |
| | 2017-18 ന മുമ്പുള്ള തുക | 13942 | ഫണ്ട് വേർതിരിച്ച് കാണിച്ചിട്ടില്ല | 0 | 13942 |

# 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ

# തുകയുടെ വിവരങ്ങൾ

ഒന്നുമില്ല.

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച് ചടയ്ക്കാൻ ബാക്കിയു\ ണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ച ടയ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ(സാധാ) നം. 532/10 തിയതി 18-2-2010 | 14931000 | 865554 | 865554 | - | 0 |
| ലൈഫ്-KURDFC വായ്പ | KURDFC/ / /2018 | 28900000 | 28900000 | 160000 | 0 | 28680000 |

# 4-6 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല.

# 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 8400 രൂപ ഈടാക്കിയിട്ടുണ്ട്.

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | തുക | രസീതി നം. / തിയതി | തുക ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യാഗപേരും |
|---|---|---|---|---|
| 1997-98 | 42(2) | 1500 | 118120100689/21-5-18 | ഷാജൻ മാത്യു, അസി.ഡയറക്ടർ, കൃഷി |

| | | | | |
|---|---|---|---|---|
| 2016-17 | 2-3(സി) | 6900 | 118120100688/21-5-18 | മാനേജർ, സംസം പ്രോഡക്റ്റ് |
| ആകെ | | 8400 | | |

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2013-14,14-15 | | 2016-17 | 9.3.2- പൊതുവായ പരാമർശം | പൊതുടാപ്പുകൾ ഒഴിവാക്കുന്നത് സംബന്ധിച്ച് | സമിതി പരിഗണിച്ചിട്ടില്ല. |
| | | | 2.4,2.6- പൊതുവായ പരാമർശം | തൊഴിൽ നികുതി | |

# 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ)<u>ചാർജ് നടപടി വഴി ഈടാക്കിയ തുക</u>

തുക ഈടാക്കിയിട്ടില്ല.

(എ)<u>സർചാർജ് നടപടി വഴി ഈടാക്കിയ തുക</u>

തുക ഈടാക്കിയിട്ടില്ല.

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 109951051 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 95410225 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 34319 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | - |

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉദ്യോഗപ്പേരും |
|---|---|---|---|
| - | - | - | - |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക
ഒന്നുമില്ല

ഭാഗം–1 ൽ ഉൾപ്പെട്ട ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 9310 | ശ്രീമതി.സുരഭി.സി.എസ്, അസി.എഞ്ചിനിയർ |
| 1-29(1, 2, 3) | 17422 | ശ്രീമതി.സുരഭി.സി.എസ്, അസി.എഞ്ചിനിയർ |
| 1-29(4) | 7587 | ശ്രീമതി.വിനീതാ അശോകൻ, അസി.എഞ്ചിനിയർ |
| ആകെ | 34319 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.സുരഭി.സി.എസ്, അസി.എഞ്ചിനിയർ | അസി. എഞ്ചിനിയർ, വടക്കാഞ്ചേരി ബ്ലോക്ക് | സുബ്രമണ്യ ഭവൻ, ഒല്ലൂക്കര(പി.ഒ), കൃഷ്ണപുരം, |

| | | |
|---|---|---|
| | പഞ്ചായത്ത് | തൃശ്ശൂർ-680517 |
| ശ്രീമതി.വിനീതാ അശോകൻ, അസി.എഞ്ചിനിയർ | LWA | മേഞ്ചേരി വീട്, ചെമ്മണ്ണൂർ (പി.ഒ), തൃശ്ശൂർ-680517 |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | ഈ കാര്യലയത്തിൽ വച്ച് 11.06.2018 ന് നടന്ന ഓഡിറ്റ് അദാലത്ത് പ്രകാരം തീർപ്പാക്കാതെ അവശേഷിക്കുന്ന ഓഡിറ്റ് പരാമർശങ്ങൾ കത്ത് നം.കെ.എസ്.എ-പി.കെ.ഡി 10/1262/18 തീയതി 8.10.18 | 3 |
| 1997-98 | | 4 |
| 1998-99 | | 2 |
| 1999-2000 (പദ്ധതി ഒഴികെ) | | 3 |
| 1999-2000 (പദ്ധതി),2000-01,<br>2001-02 | | 4 |
| 2002-03 | | 1 |
| 2003-04 | | 4 |
| 2004-05 | | 0 |
| 2005-06 | | 2 |
| 2006-07 | | 3 |
| 2009-10&<br>2010-11 | നം കെ.എസ്.എ. പി.കെ.ഡി 10/1198/16 തീയതി 26.05.17 | 2 |
| 2011-12 | നം കെ.എസ്.എ. പി.കെ.ഡി 10/259/16 തീയതി 12.02.2016 | 1 |
| 2013-14 &<br>2014-15 | നം കെ.എസ്.എ. പി.കെ.ഡി 10/1447/16 തീയതി 10.8.2016 | 5 |
| 2015-16 | നം കെ.എസ്.എ. പി.കെ.ഡി 10/231/17 തീയതി 28.01.17 | 1 |
| 2016-17 | നം കെ.എസ്.എ. പി.കെ.ഡി 10/1520/17 തീയതി 23.08.17 | 1 |
| 2017-19 | നം കെ.എസ്.എ. പി.കെ.ഡി 10/286/19 തീയതി 26.03.19 | 19 |

അവശേഷിക്കുന്ന തടസ്സവാദങ്ങൾ തീർപ്പാക്കുന്നതിന് അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

# <u>അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം</u>

നം.കെ.എസ്.എ-പികെഡി-21/997/2019(18)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തിയതി: 26-8-2019

Phone No.04912520145

e-mail. dopkd.ksad@kerala.gov.in

<u>സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും, 1994 - ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും, ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 31-3-2019-ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്, ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

<u>ന്യൂനതകളുടെ സംഗ്രഹം</u>

1. സചിത്ര സോഫ്റ്റ്‌വെയർ സാംഖ്യയുമായി ബന്ധിപ്പിക്കാത്തതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തി മൂല്യത്തിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

2. വാല്യൂ ബേസ്ഡ് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

3. വസ്തു നികുതി സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള ഡിമാന്റ് കലക്ഷൻ ബാലൻസ് തുകകൾ സാംഖ്യ അക്കൗണ്ടുമായി പൊരുത്തപ്പെടുന്നില്ല.

4. എൻ.ആർ.ഇ.ജി.എ അഡ്മിൻ ചെലവ് -വാർഷിക ധനകാര്യപത്രികയിലെ തുകയും രജിസ്റ്ററിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD-21/997/2019(18)

Kerala State Audit Department

District Audit Office, Palakkad

Date: 26-8-2019

Phone No.04912520145

e-mail. dopkd.ksad@kerala.gov.in

## Certificate

Certified that I have examined the Annual Financial Statement of kannambra Gramapanchayat in Palakkad District for the year ending 31-3-2019 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the Certification of Accounts of Panchayat Raj Institutions.

In my opinion, the Financial Statement of kannambra Gramapanchayat for the year 2018-19 subject to the observations in the Annexure, properly represents the picture of income, expenditure and closing balance.

Deputy Director

## Abstract of defects/discrepancies

1.Sachithra software not linked with Sankhya. Hence correctness of asset value recorded in the AFS could not be verified.

2.Value besed Stock Register not maintained.

3.The demand collection balance of of property tax as per sanchaya software does not agree with that of sankya account

4. MNREGA Admin expenses-Figures in the Register does not agree with that of AFS.

Deputy Director

# അനുബന്ധം-2 വിവിധ പത്രികകൾ

1. RECEIPT AND EXPENDITURE STATEMENT

| | | | |
|---|---|---|---|
| | Kannambra Grama Panchayat<br>RECEIPT & PAYMENT<br>STATEMENT | | |
| | For the period from 01-April-2018 to 31-March-2019 | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 5929185.00 |
| Cash | Cash | RP-40(a) | 59631.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 3023570.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | RP-2 | 0.0 |
| 130000000 | Rental income from Panchayat Properties | RP-3 | 7200.00 |
| 140000000 | Fees & User Charges | RP-4 | 341579.00 |
| 150000000 | Sale & Hire Charges | RP-5 | 166822.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 48114938.00 |
| 171000000 | Interest Earned | RP-9 | 162138.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 11520834.00 |
| 350000000 | Other Liabilities | RP-36 | 805995.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 8400.00 |
| 330000000 | Secured Loans | RP-32 | 28900000.00 |
| 340000000 | Deposits Received | RP-34 | 226835.00 |
| 350000000 | Other Liabilities | RP-36 | 468207.00 |
| 410000000 | Fixed Assets | RP-38 | 0.0 |
| 431000000 | Sundry Debtors (Receivables) | RP-43 | 15925176.00 |
| 460000000 | Loans, Advances and Deposits | RP-47 | 279357.00 |
| | Grand total | | 115939867.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2985175.00 |
| 220000000 | Administrative Expenses | RP-12 | 1376906.00 |
| 230000000 | Operations & Maintenance | RP-13 | 3147162.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 9560006.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 40520187.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 3534513.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 509121.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 399878.00 |
| 255000000 | Maintenance Projects | RP- | 7382814.00 |

| | | | |
|---|---|---|---|
| | | 20 | |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 36640.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 5000.00 |
| 280000000 | Prior Period item | RP-26 | -21390.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 190730.00 |
| 350000000 | Other Liabilities | RP-36 | 4591501.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 2612.00 |
| 280000000 | Prior Period Item | RP-26 | -5640.00 |
| 311000000 | Earmarked Funds | RP-29 | 0.0 |
| 330000000 | Secured Loans | RP-32 | 1025554.00 |
| 340000000 | Deposits Received | RP-34 | 463651.00 |
| 350000000 | Other Liabilities | RP-36 | 2460324.00 |
| 410000000 | Fixed Assets | RP-38 | 5895173.00 |
| 412000000 | Capital work in Progress | RP-40 | 327242.00 |
| 460000000 | Loans, Advances and Deposits | RP-47 | 11023066.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 20467496.00 |
| Cash | Cash | RP-40(b) | 62146.00 |
| | Grand Total | | 115939867.00 |

2. INCOME AND EXPENDITURE STATEMENT

| Kannambra Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 5869850.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 115670.00 |
| 140000000 | Fee & User Charges | I-4(b) | 523672.00 |
| 150000000 | Sale & Hire Charges | I-5(b) | 166822.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 161637025.00 |

| | | | |
|---|---|---|---|
| | & Compensations / Subsidies | | |
| 171000000 | Interest Earned | I-8 | 162138.00 |
| 180000000 | Other Income | I-9 | 8400.00 |
| | Total Income | | 168483577.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9773463.00 |
| 220000000 | Administrative Expenses | I-11(b) | 1376906.00 |
| 230000000 | Operations & Maintenance | I-12(b) | 3147801.00 |
| 240000000 | Interest & Finance Charges | I-13 | 2612.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 9697421.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 79635847.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 3534513.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 551121.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 50587378.00 |
| 255000000 | Maintenance Projects | I-14(e) | 7382814.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 36640.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 5000.00 |
| 272000000 | Depreciation | I-17(a) | 878325.00 |
| | Total Expenditure | | 166609841.00 |
| | Gross Surplus/ Deficit of income over Expenditure | | 1873736.00 |
| 280000000 | Prior Period Item | I-18 | -53745.00 |
| | | | |

| | | | |
|---|---|---|---|
| | Gross Surplus/Deficit of Income over Expenditure after prior period items. | | 1927481.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

3. BALANCE SHEET

| Kannambra Grama Panchayat BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 16452823.86 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 60731628.00 |
| | Total Reserve & Surplus | | 77184451.86 |

| | | | |
|---|---|---|---|
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 5549583.00 |
| | Total Grants, Contributions for Specific Purposes | | 5549583.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 28740000.00 |
| | Total Loans | | 28740000.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 321566.00 |
| 350000000 | Other Liabilities | B-9 | 1403395.14 |
| | Total Current Liabilities and Provisions | | 1724961.14 |
| | TOTAL LIABILITIES | | 113198996.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 64766715.00 |
| 411000000 | Accumulated Depreciation | B-11 | -2116254.00 |
| 412000000 | Capital Work in Progress | B-11(a) | 272242.00 |
| | Total Fixed Assets | | 62922703.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 150132.00 |
| 440000000 | Pre-paid Expenses | B-16 | 28680000.00 |
| 450000000 | Cash and Bank Balance | B-17 | 20529642.00 |
| 460000000 | Loans, Advances and Deposits | B-18 | 916519.00 |
| | Total Current Assets, Loans and Advances | | 50276293.00 |
| | Other Assets | | |

| | |
|---|---|
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 113198996.00 |